2015 | മെയ് 25 | വാല്യം 08 | ലക്കം 10

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

ASSEMBLIES OF GOD

# എജി. മലയാളം ഡിസ്ട്രിക്ട് വിഭജിക്കാൻ ആസൂത്രിത നീക്കം

## സൗത്ത് കേരളാ ഡിസ്ട്രിക്ട് രൂപീകരണം പൊളിയുന്നു

തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖലയ്ക്കുവേണ്ടി സ്വന്തമായി പുതിയ ഡിസ്ട്രിക്ട് കൗൺസിൽ രൂപീകരിക്കാനുള്ള ഗൂഢനീക്കം പൊളിയുന്നു. ശതാബ്ദി സമ്മേളനത്തിൽ പ്രകടമായ എജിയുടെ ശക്തി തിരിച്ചറിഞ്ഞ് ചില തല്പര കക്ഷികളാണ് പുതിയ ഡിസ്ട്രിക്ട് വാദവുമായി മുന്നോട്ട് വന്നിരിക്കുന്നത്. എന്നാൽ ഈ വാദങ്ങൾക്ക് തെക്കൻ മേഖലയിൽ നിന്നുപോലും ഗൗരവമായ പിന്തുണ ലഭിക്കുന്നില്ല എന്നാണ് അറിയുന്നത്. ഔപചാരികമായ ഇങ്ങനൊരാവശ്യം ആരും മുന്നോട്ടുവച്ചിട്ടുമില്ല. ഈ മേഖലയിലെ ഭൂരിപക്ഷം വിശ്വാസികൾക്കും ശുശ്രൂഷകന്മാർക്കും മലയാളം ഡിസ്ട്രിക്ടിനോട് ചേർന്നു നില്പാനാണ് താല്പര്യം. ശതാബ്ദി സമ്മേളനത്തിൽ തെക്കൻ മേഖലയ്ക്ക് നല്ല പങ്കാളിത്തമാണ് നൽകിയത്. ഇവരെ അവഗണിച്ചു എന്ന വാർത്ത വാസ്തവവിരുദ്ധമാണ്.





1996 മുതൽ മലബാർ ഡിസ്ട്രിക്ട് രൂപീകരിക്കാൻ ശ്രമിച്ചവർ തന്നെയാണ് പുതിയ വിവാദത്തിനു പിന്നിൽ ഇന്ധനം പകരുന്നത്. മലബാർ-മലയാളം ഡിസ്ട്രിക്ടുകൾ തമ്മിലുള്ള താരതമ്യ പഠനം നടത്തിയാൽ വളർച്ചയുടെ യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയും. വിശ്വാസികളുടെയും ശുശ്രൂഷകന്മാരുടെയും എണ്ണത്തിലും സെക്ഷൻ രൂപീകരണത്തിലും സ്വാഭാവിക വളർച്ചയ്ക്കപ്പുറം ഒന്നും നടന്നിട്ടില്ല. 1997-ൽ മലയാളം ഡിസ്ട്രിക്ടിൽ 400 സഭകളും മലബാർ ഡിസ്ട്രിക്ടിൽ 80 സഭകളുമാണ് ഉണ്ടായിരുന്നത്. ഇന്ന് മലയാളം ഡിസ്ട്രിക്ടിൽ ആയിരത്തിലധികം സഭകളും മലബാറിൽ മുന്നൂറിലധികം സഭകളുമാണുള്ളത്.

മലയാളം ഡ്സിട്രിക്ടിലെ ഏകാധിപത്യത്തെകുറിച്ച് വിമർശനം ഉന്നയിക്കുന്നവർ മലബാറിലെ കുടുംബവാഴ്ചയും ഏകാധിപത്യവും കാണാതെ പോകുന്നത് യുക്തിസഹമല്ല. നേതൃത്വമാറ്റം ജനം ആഗ്രഹിച്ചാൽ പോലും രണ്ടാമനില്ലാത്ത അവസ്ഥയിൽ ജനം വീർപ്പുമുട്ടുകയാണ്. എന്നാൽ വളരെ സുതാര്യവും ജനാധിപത്യപരവുമായ തെരഞ്ഞെടുപ്പ് രീതിയാണ് മലയാളം ഡിസ്ട്രിക്ടിൽ നടന്നത്. നോമിനേഷൻ ബാലറ്റുവരെ ഉദ്വേഗനിമിഷങ്ങളാണ്. ആരും മുന്നിലെത്തും പ്രവചനാതീതമാണ്. ആർക്കും ജനാധിപത്യപ്രക്രിയയിലൂടെ നേതൃത്വത്തിലെത്താൻ കഴിയും.

വളരെ പ്രശംസനീയമായ നിലയിൽ ശതാബ്ദി സമ്മേളനം നടത്തി സഭ ഒറ്റക്കെട്ടായി തലയുയർത്തി നിൽക്കുമ്പോഴാണ് ചിലർ ജാതി കാർഡ് ഇറക്കി കളിച്ച് സഭാ അന്തരീക്ഷം കലുഷിതമാക്കുന്നത്. മലയാളം ഡിസ്ട്രിക്ട് വീണ്ടും വിഭജിക്കാൻ മലബാർ നേതാവിന് താല്പര്യം ഉണ്ടെന്നാ

05

## ന്യൂമ ഹെർമന്യൂട്ടിക്കൽ സെമിനാർ

### അനിൽ കൊടിത്തോട്ടം മുഖ്യപ്രസംഗകൻ



ഷാർജ ന്യൂമ ഹെർമന്യൂട്ടിക്കൽ സെമിനാറിൽ ഹൈപ്പർ ഗ്രേസ്, അൾട്രാകാൽവിനിസം, ഏരിയനിസം തുടങ്ങിയ ദുരുപദേശ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള സെമിനാറിൽ മാധ്യമപ്രവർത്തകനും സുവിശേഷപ്രഭാഷകനുമായ അനിൽ കൊടിത്തോട്ടം പ്രധാന സന്ദേശം നൽകും. ജൂൺ 23 മുതൽ ജൂലൈ 20 വരെ യു. എ. ഇയുടെ വിവിധയിടങ്ങളിൽ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ പ്രസംഗിക്കും. ഡെനി സെബാസ്റ്റ്യൻ ആണ് പ്രോഗ്രാം കോർഡിനേറ്റർ +971502249680

# ന്യൂജനറേഷൻ പ്രവണതകൾക്കെതിരെ ആഞ്ഞടിച്ച് കേരളശബ്ദം കവർസ്റ്റോറി

കഴിഞ്ഞ രണ്ട് ദശാബ്ദകാലമായി പെന്തെക്കോസ്ത് സമൂഹത്തിനിടയിൽ സ്വാധീനം ചെലുത്തുകയും ഏറെ വിമർശനങ്ങൾക്ക് ഇടവരുത്തുകയും ചെയ്ത ന്യൂജനറേഷൻ തരംഗങ്ങളുടെ വഴിവിട്ട പ്രവർത്തനശൈലിക്കെതിരെ മുഖ്യധാര സ്വതന്ത്രരാഷ്ട്രീയ വാരികയായ കേരളശബ്ദം ആഞ്ഞടിക്കുന്നു. ന്യൂജനറേഷൻ കോപ്രായങ്ങൾക്കെതിരെ കഴിഞ്ഞ ചില നാളുകളായി പെന്തെക്കോസ്ത് മാധ്യമങ്ങൾ ശക്തമായ വിമർശനമാണ് ഉയർത്തിയത്. ഇതിനെത്തുടർന്ന് ഇതിന്റെ വക്താക്കൾ പലരും സഭാവേദികളിൽ വിലക്ക് നേരിട്ടു. പാശ്ചാത്യ അനുകരണം സ്വന്തമാക്കിയ ഇക്കൂട്ടർ ക്രിസ്തീയ മൂല്യങ്ങൾക്കും വചനത്തിന്റെ ധാർമ്മികതയ്ക്കും വില കല്പിക്കാതെ




കേവലം ഉപരിപ്ലവമായ പ്രകടനങ്ങളുമായിട്ടാണ് മുന്നോട്ട് പോയത്. ശക്തമായ മാധ്യമപ്രതിരോധത്തെതുടർന്ന് മുഖ്യധാര സഭകളിൽ ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. എന്നാൽ വമ്പൻ ക്രൂസേഡുകൾ സംഘടിപ്പിച്ച് മൈതാനയോഗങ്ങളിൽ രോഗശാന്തി ശുശ്രൂഷയും ഭൂതോച്ചാടനവും തൊഴിലാക്കിയവർ സമൂഹത്തിന്റെ സുതാര്യതയെ ചോദ്യം ചെയ്തപ്പോഴാണ് കേരളശബ്ദം പോലെയുള്ള വാരികയ്ക്ക് വിമർശനവുമായി രംഗത്ത് വരേണ്ടിവന്നത്. രോഗശാന്തിയുടെ പേരിൽ ന്യൂജനറേഷൻ വക്താക്കൾ നടത്തുന്ന തട്ടിപ്പുകൾ ഇതിനോടകം പല സെക്കുലർ മാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലും വന്നുകഴിഞ്ഞു.

നാടിന്റെ ക്രമസമാധാനരംഗത്തെപോലും ശല്യപ്പെടുത്തുന്ന തരത്തിൽ ക്രൂസേഡുകൾ കുതിച്ചുകയറുന്നത് പൊതുസമൂഹം ആശങ്കയോടെയാണ് നോക്കികാണുന്നത്. ആളുകൾ അബോധാവസ്ഥയിൽ വീഴുന്നതും കിടന്നുരുളുന്നതും അട്ടഹസിക്കുന്നതും അലറുന്നതും അവജ്ഞ ഉളവാക്കുന്നതാണ്. യോഗങ്ങളിൽ പങ്കെടുക്കുന്ന പലരും മാനസിക ഭ്രമം അനുഭവിക്കുന്നവരായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉടൻ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന അന്ധവിശ്വാസ നിർമ്മാർജ്ജന നിയമത്തിന്റെ പരിധിയിൽ ഇത്തരം തട്ടിപ്പുകാർ പെടുമെന്നാണ് കേരളശബ്ദം പറയുന്നത്. മന്ത്രവാദികളുടെയും വ്യാജസിദ്ധന്മാരുടെയും ചാത്തൻസേവ നടത്തുന്നവരുടെയും വിഹാര ഭൂമിയായി കേരളം മാറിയിരിക്കുന്നു. ഇതോടൊപ്പം അത്ഭുതങ്ങളുടെ പേരിൽ നട

04

## തങ്കു ആം ആദ്മി കൺവീനറാകും?




ബ്രദർ തങ്കു ആം ആദ്മി പാർട്ടിയുടെ സംസ്ഥാന കൺവീനറാകാൻ സാധ്യതയുണ്ടെന്ന് തെഹൽക്കാ ഡെയ്ലി റിപ്പോർട്ട് ചെയ്യുന്നു. ഡൽഹി തെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിക്കുണ്ടായ വമ്പിച്ച വിജയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ അനുകൂലമായ രാഷ്ട്രീയ - സാമൂഹിക സാഹചര്യമാണ് പാർട്ടിക്കുള്ളതെന്ന് വിലയിരുത്തപ്പെടുന്നു. കേരളത്തിന് അകത്തുംപുറത്തും ഒരു ലക്ഷം സഭാവിശ്വാസികളും 1000ത്തിലധികം സഭാനേതാക്കന്മാരും തന്നോടൊപ്പം ഉണ്ടെന്നാണ് തങ്കുവിന്റെ വാദഗതി. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നേതൃസമ്മേളനങ്ങളും പ്രാർത്ഥനായോഗങ്ങളും സ്വർഗ്ഗീയവിരുന്നിന്റെ സംഘാടകത്വത്തിൽ ക്രമീകരിച്ചുവരികയാണ്. ഇതിലൂടെ തന്റെ സ്വാധീനം ഉറപ്പിക്കുകയാണ് ലക്ഷ്യം. തന്റെ രാഷ്ട്രീയതാൽപര്യങ്ങൾക്കുവേണ്ടി സുവിശേഷത്തെയും സഭാവിശ്വാസികളെയും ബലിയാടാക്കുന്ന തന്ത്രങ്ങളിൽ സഭാജനങ്ങൾ വീഴരുത്. കേരളത്തിന്റെ ഭാവി മുഖ്യമന്ത്രിയാകുകയെന്നതാണ് തന്റെ ലക്ഷ്യമെന്നാണ് തെഹൽക്കാ റിപ്പോർട്ട് ചെയ്യുന്നു.

## സാക്ഷി



ആം ആദ്മി പാർട്ടി കേരളം ഭരിക്കുന്ന കാലം അടുത്തുവെന്ന് തോന്നുന്നു

*ഏതു കാലമായാലും നേതാവിന് അത് കവിഞ്ഞൊഴുകുന്ന അനുഗ്രഹമാകും.*

# ഐ.പി.സി കർണാടക സ്റ്റേറ്റ് പാസ്റ്റർ റ്റി.ഡി. തോമസ് പ്രസിഡന്റ്



പാസ്റ്റർ റ്റി. ഡി. തോമസ്



പാസ്റ്റർ കെ. എസ്. ജോസഫ്



പാസ്റ്റർ വർഗീസ് മാത്യു



പി. വി. പോൾ



ഇ. വി. സോമൻ

**ബാംഗ്ലൂർ:** ഐ. പി. സി. കർണാടക സ്റ്റേറ്റിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ റ്റി.ഡി. തോമസ് (പ്രസിഡന്റ്), പാസ്റ്റർ കെ.എസ്. ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ വർഗീസ് മാത്യൂ (സെക്രട്ടറി), ബ്രദർ പി.വി. പോൾ (ജോ. സെക്രട്ടറി), ബ്രദർ ഇ.വി. സോമൻ (ട്രഷറാർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. കർണാടക, ഗോവ സംസ്ഥാനങ്ങളിൽ നിന്നായി 369 പ്രതിനിധികൾ ജനറൽബോഡിയിൽ പങ്കെടുത്തു. ശുശ്രൂഷകരിലും വിശ്വാസികളിൽ നിന്നും 40 പേരെ കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിന് പി. വി. മാത്യു, കെ. പി. ജോർജ്ജ്, ജോർജ്ജുകുട്ടി, കെ. എം. ജേക്കബ് എന്നിവർ നേതൃത്വം നൽകി.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# യുവജനങ്ങളെ വഴി തെറ്റിക്കരുത്



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഐ. പി. സി. കേരളാ സ്റ്റേറ്റിൽ നടന്ന പി. വൈ. പി. എ. ഇലക്ഷൻ സംബന്ധിച്ച് വിവാദം ഉണ്ടായിരിക്കുകയാണല്ലോ. പ്രായപരിധി ലംഘനം നടന്നു എന്ന പരാതി ഒരു വിഭാഗം ജനറൽ കൗൺസിലിൽ നൽകിയതായി അറിയുന്നു. പൊതുവിൽ ഐ. പി. സി. ഇലക്ഷനുമായി ബന്ധപ്പെട്ട് രാഷ്ട്രീയ അതിപ്രസരമാണെന്ന പരാതി ഉയരുവാൻ തുടങ്ങിയിട്ട് നാളുകളായി. പക്ഷഭേദമില്ലാതെ എല്ലാവരും ഐ. പി. സി. രാഷ്ട്രീയത്തിന്റെ ഭാഗമാണ്. സമുദായസഭകളെ പോലും അമ്പരിപ്പിക്കുന്ന നിലയിലാണ് ഐ. പി. സിയിൽ തെരഞ്ഞെടുപ്പു പ്രചരണം നടക്കുന്നത്. കേരളാ സ്റ്റേറ്റ്, ജനറൽ കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പിലാണു കൂടുതൽ രാഷ്ട്രീയം കാണുന്നത്. ഇക്കുറി കേരളത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടതുകൊണ്ടാകാം, കർണ്ണാടകത്തിൽ നടന്ന ഇലക്ഷനിലും പതിവിൽ കവിഞ്ഞ വീര്യമായിരുന്നു.

കസേര നേടിയെടുക്കുവാൻ നമ്മുടെ നേതാക്കന്മാർ നടത്തുന്ന രാഷ്ട്രീയക്കളികൾ ലജ്ജാകരമാണ്. ആത്മീയ പ്രസ്ഥാനമായ സഭയുടെ നേതൃത്വത്തിലെത്തുവാൻ ലക്ഷങ്ങൾ മുടക്കുന്ന പ്രവണത അടുത്ത കാലത്തായി വർദ്ധിച്ചുവരികയാണ്. ഒരു ഇലക്ഷൻ കഴിയുമ്പോഴേക്കും ചെലവ് ലക്ഷങ്ങളും കടന്ന് കോടിയിലെത്തുന്നു. പരസ്പരം ചെളിവാരിയെറിഞ്ഞും ഗ്രൂപ്പുണ്ടാക്കിയും, സുവിശേഷീകരണത്തിനു ചെലവഴിക്കേണ്ടുന്ന പണവും സമയവും ചെലവഴിച്ചുകൊണ്ട് ആവേശത്തോടെ കേരളത്തിന്റെ തെക്കുമുതൽ വടക്കേ അറ്റം വരെ നേതാക്കന്മാർ പരക്കം പായുകയാണ്. ഓരോ പക്ഷക്കാരും തങ്ങളുടെ ചാവേറുകളായി ഒരുകൂട്ടം ചെറുപ്പക്കാരെ വളർത്തിയെടുത്തിരിക്കുന്നു. പണവും സ്ഥാനമാനങ്ങളും നൽകി അവരെ ചൊൽപ്പടിക്കു നിർത്തുകയാണു നേതാക്കന്മാർ. സുവിശേഷ വയലിൽ ശോഭിക്കേണ്ടുന്നവർ ഇത്തരം കളികളിലൂടെയാണു പലപ്പോഴും പേരും പണവും ഉണ്ടാക്കുന്നത്. പണം ഉണ്ടെങ്കിൽ മാത്രമേ എന്തെങ്കിലും ആകുവാൻ പറ്റുകയുള്ളൂ എന്ന ധാരണ പൊതുവിൽ ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ എങ്ങനെയും പണം ഉണ്ടാക്കുക എന്നൊരു ലക്ഷ്യത്തിലേക്ക് ഉപദേശിമാർ മാറുന്നു. വിദേശയാത്രകൾ നടത്തി നേടുന്ന പണം മിക്കവരും ചെലവഴിക്കുന്നത് ഇലക്ഷൻ പ്രചരണത്തിനു വേണ്ടിയാണ്. ആത്മീയദർശനം നഷ്ടപ്പെട്ട നേതാക്കന്മാരുടെ പിണിയാളുകളായി സഭയിലെ യുവാക്കൾ മാറിയിരിക്കുന്നു!

പി. വൈ. പി. എ. പ്രായ വിവാദത്തിന് ഉത്തരവാദികൾ തീർച്ചയായും ഭരണകർത്താക്കൾ തന്നെയാണ്. അതിന് യുവജനങ്ങളെ പഴിച്ചിട്ട് യാതൊരു കാര്യവുമില്ല. ജനറൽ കൗൺസിൽ പാസ്സാക്കിയ ഭരണഘടനാ ഭേദഗതി, ഏലൂരിൽ രജിസ്ട്രാർക്കു നൽകി മാറ്റം നിയമമാക്കേണ്ട ചുമതല അന്നത്തെ ചുമതലകാർക്കുള്ളതായിരുന്നു. എന്നാൽ അവരുടെ ഉദാസീനതയാണ് ഇപ്പോഴുള്ള വിവാദത്തിനു കാരണം. യുവാക്കൾക്കു മാതൃകയാകേണ്ടുന്നവർ തന്നെ അവരെ വഴി തെറ്റിക്കുകയാണ്. സഭയുടെ ഭാവി യുവാക്കളിലാണ്. അവർ ആത്മീയമായി ശക്തരായെങ്കിൽ മാത്രമേ ആരോഗ്യമുള്ള സഭ വാർത്തെടുക്കുവാൻ കഴിയുകയുള്ളൂ. തങ്ങളുടെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി യുവജനങ്ങളെ ബലിയാടാക്കുന്നത് മുതിർന്നവർ ദയവായി നിർത്തുക. അവരെ അവരുടെ വഴിക്കു വിടുക. അവരുടെ ദർശനമനുസരിച്ച് അവർ പ്രവർത്തിക്കട്ടെ. ആത്മീയമായ ഉപദേശവും വഴികാട്ടലുമാണ് മുതിർന്നവരുടെ കടമ. നിങ്ങൾ അതു മറക്കുമ്പോൾ സഭയുടെ ഭാവിയാണ് ഇല്ലാതാകുന്നത്. നമ്മുടെ ചെറുപ്പക്കാർ കഴിവുള്ളവരും പ്രാപ്തരുമാണ്. വിവാദങ്ങൾ കോടതിയിലേക്കു വലിച്ചിഴയ്ക്കുന്നതിനു പകരം, വിട്ടുവീഴ്ചാ മനോഭാവത്തോടെ പരിഹരിക്കുകയാണു വേണ്ടത്. തെരഞ്ഞെടുക്കപ്പെട്ടവർ ഭരിക്കട്ടെ. പ്രായവിവാദം അവരുടെ തെറ്റല്ലല്ലോ. തെറ്റു തിരുത്തേണ്ടത് മുതിർന്നവരാണ്. സമൂഹത്തിൽ മാതൃകയും ദിശാബോധവും നൽകേണ്ടവരാണ് നമ്മുടെ യുവാക്കൾ. അവരുടെ കഴിവുകൾ ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി ഉപയോഗിക്കുകയാണു വേണ്ടത്. മുതിർന്നവരോട് ഒരു അപേക്ഷ മാത്രം നമ്മുടെ യുവജനങ്ങളെ വഴി തെറ്റിക്കാതെ അവരെ നേർവഴി കാണിക്കുന്നവരായി നിങ്ങൾ മാറണം. കാരണം യുവാക്കളാണ് സഭയുടെ ഭാവി. അതിനാൽ തന്നെ അവർ ശക്തരായി മാറേണ്ടത് സഭയുടെ ആവശ്യമാണ്. യുവാക്കളെ വെറുതെ വിടുക അവർ അവരുടെ വഴിക്കു പോകട്ടെ.

## യുവജന പംക്തി

# പരാജയപ്പെട്ടാൽ വീണ്ടും അവസരം



ബിനു ജോസഫ്
വടശ്ശേരിക്കര



പത്താം ക്ലാസ്സിന്റെ വാർഷിക പരീക്ഷയിൽ നല്ല മാർക്ക് വാങ്ങി വിജയിച്ച പലരും പ്ലസ് ടുവിനു വരുമ്പോൾ തോറ്റു പോകുന്നു. പത്താം ക്ലാസ്സിൽ കഷ്ടിച്ചു പാസായവർ പ്ലസ് ടുവിനു നല്ല മാർക്ക് വാങ്ങി ജയിക്കുകയും ചെയ്യുന്നു. ത്തരം ജയാപരാജയങ്ങൾ നാം പലപ്പോഴും കാണാറുണ്ട്. ഇതു നമ്മോടു പറയുന്ന ഒരു സത്യം, ജീവിതത്തിൽ ഒരു പരീക്ഷയ്ക്കു ജയിക്കുകയോ ഒരു മത്സരത്തിൽ വിജയിക്കുകയോ ചെയ്യുന്നതല്ല യഥാർത്ഥ വിജയം. ഇന്നത്തെ ജയമോ തോൽവിയോ നാളത്തെ ഭാവി നിശ്ചയിക്കുവാൻ ഉതകുന്നതുമല്ല. ഇന്നു നേരിടുന്ന ജയപരാജയങ്ങളെ അടിസ്ഥാനപ്പെടുത്തി ജീവിതത്തെ മുഴുവനായി അപഗ്രഥിക്കുവാൻ ശ്രമിക്കുന്നവരാണു നാം. എന്നാൽ ഇന്നത്തെ ഒരു വിജയമോ പരാജയമോ അല്ല നമ്മുടെ ഭാവി നിശ്ചയിക്കുന്നതെന്നു നാം തിരിച്ചറിയണം.

രാജി എന്ന പെൺകുട്ടി സ്കൂളിൽ നല്ല രീതിയിലാണു പഠിച്ചു വന്നത്. എന്നാൽ പത്താം ക്ലാസ്സിൽ പ്രതീക്ഷിച്ച വിജയം ലഭിച്ചില്ല. തനിക്കു നേരിട്ട പരാജയത്തെ എങ്ങനെ അവൾ അഭിമുഖീകരിച്ചെന്നോ? ഒരു കയറിൽ കെട്ടിത്തൂങ്ങി ജീവിതത്തിനു വിരാമം കുറിച്ച് പരാജയങ്ങൾ ഇല്ലാത്ത ലോകത്തേക്കു യാത്രയായി. എന്നാൽ പരീക്ഷയിൽ തോറ്റ മിനിയോ? അവൾ നിരാശയാകാതെ വീണ്ടും പഠനം തുടർന്നു. അടുത്ത വർഷം അവൾ ഫസ്റ്റ് ക്ലാസ്സോടെ ജയിച്ചു. പ്ലസ്ടുവിനു ചേർന്നു. തുടർന്നു ഡിഗ്രി പൂർത്തിയാക്കി, ബി.എഡ്ഡും കഴിഞ്ഞു. ഇന്ന് അവൾ ഒരു ഹൈസ്ക്കൂൾ അദ്ധ്യാപികയാണ്. ഭാവനകളായി ത്തോന്നാമെങ്കിലും ഇതാണു നാം ചുറ്റുപാടും കാണുന്നത്. ചെറിയ പരാജയങ്ങളെപ്പോലും ഉൾക്കൊള്ളുവാൻ ത്രാണിയില്ലാതെ ആത്മഹത്യയിൽ പര്യവസാനിക്കുന്ന ജീവിതങ്ങൾ.

ഒന്നിൽ ജയിച്ചതിനാൽ ജീവിതം മുഴുവൻ ജയിക്കില്ല. എല്ലാറ്റിലും ജയിക്കണം. പരാജയപ്പെട്ടാൽ വീണ്ടും അവസരമുണ്ടെന്നോർക്കുക. മനഃശാസ്ത്രജ്ഞർ പറയുന്നത്; “ഇന്നത്തെ തലമുറ പലതിലും മുമ്പിലാണെങ്കിലും പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്ന അറിവ് അവർക്കില്ല”. അതാണു പ്രശ്നങ്ങളുടെ മൂലകാരണം. ‘തിളച്ച വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും’ എന്നു പറയുന്നതുപോലെ, ജീവിതത്തിൽ നേരിടുന്ന പരാജയത്തിനു ശേഷം എല്ലാറ്റിനെയും ഭയത്തോടും ആശങ്കയോടും കൂടെ വീക്ഷിക്കുന്നവരാണു നാം. ജീവിത വിജയത്തിലും പരാജയത്തിലും ദൈവം നമ്മോടു കൂടെയുണ്ട്. ലക്ഷ്യം മുന്നിൽ കണ്ടു യാത്ര ചെയ്താൽ, നമ്മുടെ പരാജയങ്ങളെയും വേദനകളെയും ഇല്ലായ്മകളെയും നമുക്കു പാഠമാക്കുവാൻ കഴിയും.

“ഉദ്ദേശ്യരഹിതമായ വേദന തളർത്തിക്കളയുന്നു.

എന്നാൽ വേദനയുടെ ഉദ്ദേശ്യം മനസ്സിലാക്കിക്കഴിയുമ്പോൾ

ആ വേദനയെ പിന്നീടു വേദനയായല്ല വീക്ഷിക്കുന്നത്” എന്നു പ്രസിദ്ധ ചിന്തകനായ സി.എസ്. ലൂയിസ് പറഞ്ഞിട്ടുണ്ട്.

ജീവിതത്തിൽ നേരിടുന്നവയുടെയെല്ലാം പിന്നിൽ നല്ല ചില വശങ്ങളുണ്ട്.

“ഉദ്ദേശം എന്തെന്നു മുൻകൂട്ടി അറിയാൻ കഴിഞ്ഞാൽ, വേദനയും കഷ്ടതയും നമ്മെ തളർത്തിക്കളയുകയില്ല”.

**അപകടങ്ങൾ**

ജീവിതയാത്രയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ദുരന്തങ്ങളാണ് അപകടങ്ങൾ. കാലത്തിന്റെ ആധുനികതയിൽ വാഹനാപകടങ്ങളാണു സർവ്വസാധാരണം. അപകടത്തെപ്പറ്റിയോ അതിന്റെ കാരണങ്ങളോ വിശകലനം ചെയ്യുകയല്ല എന്റെ ഉദ്ദേശം, മറിച്ച് ഇത്തരം അവസ്ഥകളെ എങ്ങനെ നേരിടണമെന്നതാണ്. അപകടത്തിൽപ്പെട്ടു വിശ്രമത്തിലായിരിക്കുന്ന ഒരു വിമുക്ത ഭടനുമായി ഞാൻ കഴിഞ്ഞ ദിവസം സംസാരിക്കുമ്പോൾ അദ്ദേഹം പറഞ്ഞ കാര്യം എന്നെ ചിന്തിപ്പിച്ചു. അദ്ദേഹം പറഞ്ഞു: “പട്ടാള സേവനത്തിൽ അപകടത്തിൽപ്പെട്ട അനേകരുണ്ടായിരുന്നു. ശാരീരിക വൈകല്യങ്ങൾ നേരിട്ട് അവർ കിടക്കുമ്പോൾ, രാവിലെയും ഉച്ചയ്ക്കും വൈകിട്ടും വല്ലതും കഴിച്ചോടാ എന്നു ചോദിച്ച് ആഹാരം നൽകും. അതു ഡ്യൂട്ടിയുടെ ഭാഗമായാണു കണ്ടിരുന്നത്. എന്നാൽ ആ വ്യക്തി നേരിടുന്ന മാനസികാവസ്ഥ, നിരാശത, ആശങ്കകൾ, ഏകാന്തത ഇവയെപ്പറ്റിയൊന്നും ഞാൻ ബോധവാനായിരുന്നില്ല. എന്നാൽ ഇപ്പോൾ അപകടത്തിൽപ്പെട്ടു കാലും കയ്യും ഒടിഞ്ഞിരിക്കുമ്പോൾ അവർ അന്നു നേരിട്ട മാനസിക ക്ലേശങ്ങൾ എത്രമാത്രമാണെന്നു തിരിഞ്ഞു ചിന്തിക്കുവാൻ കഴിയുന്നു”.

യഥാർത്ഥത്തിൽ അപകടങ്ങൾ തിരിഞ്ഞു ചിന്തിക്കുവാനുള്ള ഒരവസരമാണ്. എന്റെ ചിന്തയിൽ മദ്ധ്യവയസ്സിനു മുമ്പ് ഒരപകടവും അല്പം വേദനയും വിശ്രമവുമൊക്കെ, ജീവിതം മെച്ചമാകാൻ ഉതകുന്നതാണ്. ജീവിതത്തെപ്പറ്റിയും യാഥാർത്ഥ്യങ്ങളെപ്പറ്റിയും അറിയുവാനും അംഗീകരിക്കുവാനും അപകടങ്ങൾ വഴിയൊരുക്കുന്നു.

നമ്മുടെ സമൂഹത്തിൽ കാളകളിച്ചു നടക്കുന്നവരാണ് ഏറെയും. അതായതു ലക്ഷ്യമില്ലാതെ എന്തൊക്കെയോ ചെയ്ത്, എവിടേക്കോ പോകുന്നവർ. പലരും ഇന്ന് അവർ ആയിരിക്കുന്നിടത്ത് എത്തിയതിന്റെ പ്രധാന കാരണം ജീവിത ലക്ഷ്യമോ ആഗ്രഹമോ ഒന്നുമല്ല. എങ്ങനെയോ ‘അന്ധന്റെ ഏറിൽ വീണ മാങ്ങാ’ പോലെ എത്തി, അത്രമാത്രം! ലക്ഷ്യമില്ലാതെ യാത്ര ചെ

04




# തട്ടിപ്പുകാർ വാഴുന്ന പെന്തെക്കോസ്ത്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞ ദിവസം ഒരു ചെക്ക് മാറുവാനായി ബാങ്കിലേക്ക് എനിക്ക് പോകേണ്ടി വന്നു. ഡോളർ ചെക്ക് ഡിപ്പോസിറ്റ് ചെയ്തപ്പോൾ മാനേജർ എന്നോട് പറഞ്ഞ ഒരു കാര്യം എന്നെ ഞെട്ടിക്കുന്നതായിരുന്നു. കളക്ഷനു പോയി വന്നതിനുശേഷമേ ക്യാഷ് തരുവാൻ സാധിക്കുകയുള്ളൂ. അതിനു അദ്ദേഹം പറഞ്ഞ കാരണമാണ് എന്നെ ഞെട്ടിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തത്. ഒരു പാസ്റ്റർ നടത്തിയ ഡോളർ ചെക്ക് തട്ടിപ്പു കാരണം ആ ബ്രാഞ്ചിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നത് ഒമ്പതു ലക്ഷം രൂപയാണ്. അത് സംബന്ധമായ കേസുകൾക്കായി അദ്ദേഹം കോടതി കയറേണ്ടിവന്നു. മറ്റ് നടപടികളും അതിനുപുറമേ ഉണ്ടായി. അതുകൊണ്ട് ഹെഡ് ഓഫീസിൽ നിന്നുള്ള നിർദ്ദേശമാണ് അദ്ദേഹം എന്നോട് പറഞ്ഞത്.

ഈയടുത്ത് ഡോളർ ചെക്ക് നൽകി ലക്ഷകണക്കിനു രൂപ തട്ടിച്ച പാമ്പാടിക്കാരൻ സന്തോഷ് ചാക്കോയുടെയും സമാനമായ മറ്റൊരു തട്ടിപ്പു നടത്തിയ കെ. എം. ജോൺസൺ പൂവൻതുരുത്തിനെയും അറസ്റ്റ് ചെയ്ത വാർത്ത പ്രമുഖപത്രങ്ങളും ചാനലുകളും റിപ്പോർട്ട് ചെയ്തിരുന്നു. ചർച്ച് ഓഫ് ഗോഡിലെ ഒരു ശുശ്രൂഷകനെതിരെയും സമാനമായ പരാതി കോടതിയിൽ ഉണ്ട് എന്നറിയുന്നു.

വിസാ തട്ടിപ്പ്, ഫ്ളാറ്റ് തട്ടിപ്പ്, റിയൽ എസ്റ്റേറ്റ് മാഫിയ തുടങ്ങി പലവിധ തട്ടിപ്പുകളാണ് പെന്തെക്കോസ്തുകാർ ഉൾപ്പെട്ടത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഇങ്ങനെ തട്ടിപ്പു നടത്തുന്നവരുടെ വിഹാര രംഗമായി പെന്തക്കോസ്ത് മാറിയിരിക്കുന്നു. ഇത്തരക്കാരോട് ഒരുമിച്ച് പന്തിഭോജനം നടത്തുകയും തോളത്ത് കൈയിട്ടു നടക്കുകയുമാണ് പെന്തെക്കോസ്ത് നേതാക്കന്മാർ.

ദുരുപദേശകരും തട്ടിപ്പുകാരും ആണെന്നറിഞ്ഞിട്ടും അത്തരക്കാർക്ക് വേദിയൊരുക്കാനും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുവാനുമാണ് ഇന്ന് നേതാക്കന്മാരുടെ ഉത്സാഹം. കടുത്ത ദുരുപദേശം പ്രചരിപ്പിക്കുകയും ആത്മീയ തട്ടിപ്പുകളിലൂടെ പണസമ്പാദനം നടത്തുകയും ചെയ്യുന്നവർക്ക് വേദിയൊരുക്കുന്നതിന് പെന്തെക്കോസ്തിലെ ചില ശുശ്രൂഷകരുടെ ഉത്സാഹം കാണുമ്പോൾ ഇക്കൂട്ടരുടെ ആത്മീയ പാപ്പരത്തം ഓർത്ത് പരിതപിക്കുവാനേ കഴിയുന്നുള്ളൂ.

പെന്തെക്കോസ്തുകാർക്ക് യാതൊരു നിലയിലും അംഗീകരിക്കുവാൻ കഴിയാത്ത നിലയിൽ ദുരുപദേശം പറയുന്നവരാണ് ഇന്ന് പെന്തെക്കോസ്തുകാരുടെ വേദികളിൽ പ്രസംഗകരായെത്തുന്നത്. ഞങ്ങൾ പെന്തെക്കോസ്തുകാരല്ല എന്ന് പറഞ്ഞ സജിത്ത് കണ്ണൂരിനെപ്പോലെയുള്ള ന്യൂജനറേഷൻകാരും, ആത്മീയതയെ മറയാക്കി കോടികൾ സമ്പാദിച്ച തങ്കുവിനെപ്പോലെയുള്ളവരും, ആത്മീയവേദികളെ കോമാളിത്തരം കൊണ്ട് ജനങ്ങളുടെ മുമ്പിൽ താഴ്ത്തിക്കെട്ടിയവരുമെല്ലാം വേദി കണ്ടെത്തുന്നത് ഇന്ന് പെന്തെക്കോസ്തിലാണ്. ക്രിസ്തുവും യേശുവും രണ്ടാണെന്ന് പ്രസംഗിച്ചു നടക്കുന്ന റെയ്സണിനെപ്പോലെയുള്ളവർ പെന്തെക്കോസ്ത് സഭകളുടെ വേദികളിൽ പ്രസംഗിക്കുന്നതു കാണുമ്പോൾ ദുഃഖിക്കുകയല്ലാതെ എന്ത് ചെയ്യാൻ.

ബിലെയാം എന്ന പ്രവാചകൻ യിസ്രായേൽ മക്കളെ വഞ്ചിച്ചത് വളരെ തന്ത്രപൂർവ്വമാണ്. പണത്തിനുവേണ്ടി അവരുടെ വേർപാടിന്റെ ശക്തി നശിപ്പിക്കുവാനുള്ള തന്ത്രമാണ് ബാലാക്കിന് അവൻ ഉപദേശിച്ചത്. ഇതുതന്നെയാണ് ഒരു പെന്തെക്കോസ്ത് പത്രം ഇപ്പോൾ ചെയ്യുന്നത്. പെന്തെക്കോസ്തിനെ കെട്ടഴിച്ചുവിട്ടതിൽ ഒരു പ്രമുഖ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ മുൻ ചുമതലക്കാരനോടൊപ്പം ഈ പത്രവും ചൂട്ടുപിടിക്കുകയാണ്. അടുക്കും ചിട്ടയുമില്ലാത്ത ഒരു പ്രസ്ഥാനമായി പെന്തെക്കോസ്ത് മാറിയിരിക്കുന്നു. വെള്ളപ്പൊക്കകാലത്ത് കവിഞ്ഞൊഴുകിയ നദി ദേശത്തെ ചപ്പുചവറുകൾ മുഴുവനും ഒഴുകാറുണ്ട്. വെള്ളപ്പൊക്കം കഴിയുമ്പോൾ നദിയുടെ ഇരുകരകളിലും ചപ്പുചവറുകൾ കുരുങ്ങി കിടക്കുന്നത് കാണാം. ഇതേ അവസ്ഥയാണ് പെന്തെക്കോസ്തിലും. ഒഴുകി മാറേണ്ട പലതും പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ കുരുങ്ങികിടക്കുന്ന ദയനീയ കാഴ്ചയാണ് എങ്ങും. തിരുത്തുവാനും ശരിയായ ദിശാബോധം നൽകുവാനും കെൽപ്പില്ലാത്തവരുടെ കൂട്ടമായി പെന്തെക്കോസ്ത് നേതൃത്വം മാറിയിരിക്കുന്നു.

തട്ടിപ്പ് നടത്തുന്നവർക്ക് സ്ഥാനമാനങ്ങൾ നൽകുവാൻ മത്സരിക്കുകയാണ് നേതാക്കന്മാർ. ചർച്ച് ഓഫ് ഗോഡിലും ഐ. പി. സി. യിലുമെല്ലാം ഇതുതന്നെയാണ് സ്ഥിതി. ഇത്തരക്കാർക്കുവേണ്ടി വാദിക്കുകയും എതിർപ്പുകളെ തന്ത്രപൂർവ്വം ഒതുക്കി തട്ടിപ്പുകാരെ വെള്ളപൂശുന്ന നേതാക്കന്മാരുടെ ശ്രമങ്ങൾ കാണുമ്പോൾ പുച്ഛമല്ലാതെ മറ്റൊന്നും തോന്നാറില്ല. ഇത്തരം സ്ഥിതിവിശേഷങ്ങളിലാണ് കോടതിയുടെ പ്രസക്തി. നീതിക്കും ന്യായത്തിനുവേണ്ടി ജനം കോടതിയിൽ പോകേണ്ടിവരുന്നതിനു കാരണം തട്ടിപ്പുകാരുടെ സഞ്ചിയിൽ നിന്നും വിഹിതം വാങ്ങി ന്യായം മറിച്ചുകളയുന്ന നേതാക്കന്മാർ തന്നെയാണ്. ഇലക്ഷൻ കാലത്ത് ഇത്തരക്കാരുടെ കാലുപിടിച്ചും പണംവാങ്ങിയും കസേരയിലെത്തുന്നവർക്ക് അവിടെയിരിക്കുമ്പോൾ ഇക്കൂട്ടരെ ഒഴിവാക്കാൻ പറ്റില്ലല്ലോ.

ഒരു കാലത്ത് സമൂഹത്തിൽ നിന്ദയും ലജ്ജയും ഏറ്റുവാങ്ങിയ സമൂഹമായിരുന്നു പെന്തെക്കോസ്ത്. അത് തങ്ങൾ പിന്തുടർന്ന വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും പേരിലായിരുന്നു. ഇന്നും സ്ഥിതിക്കു മാറ്റമില്ല. സമൂഹമദ്ധ്യേ പെന്തെക്കോസ്ത് ലജ്ജിച്ച് തല താഴ്ത്തി നിൽക്കുകയാണ്. ഒരു വ്യത്യാസം മാത്രം. ഉപദേശത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിലല്ല മറിച്ച് തട്ടിപ്പുകളും ആത്മീയകോമാളിത്തരങ്ങളും നിമിത്തമാണെന്നു മാത്രം. പെന്തെക്കോസ്തിനെ വന്നു ഭവിച്ചതിനെക്കുറിച്ച് അറിയാതിരിക്കുന്നത് പെന്തെക്കോസ്തുകാർ മാത്രമാണ്. ദർശനം നഷ്ടപ്പെട്ട നേതാക്കന്മാർ ഈ സമൂഹത്തെ നയിക്കുന്നത് വലിയ വിപത്തിലേക്കാണ്. അത് പെന്തെക്കോസ്ത് ഉപദേശത്തെ പിന്തുടരുവാൻ ത്യാഗം ചെയ്ത ഒരു തലമുറയോട് ചെയ്യുന്ന കടുത്ത അപരാധം തന്നെ, മാത്രമല്ല വരും തലമുറയോടും.

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

## അദ്ധ്യായം 26



സുനിൽ വർഗീസ്,
ബാംഗ്ലൂർ

പോലീസ് സ്റ്റേഷനിലെ തടിബെഞ്ചിൽ ആൽബർട്ട് ഇരിക്കുകയായിരുന്നു. അയാൾ അവിടെ വന്നിട്ട് കുറേ നേരം കഴിഞ്ഞിരുന്നു. അകത്ത് സെല്ലിനുള്ളിൽ അതേ പരിഭ്രമത്തോടെ മാതേവനും മുനയണ്ണനും നില്ക്കുന്നു. ആൽബർട്ട് ഒരിയ്ക്കൽ കൂടി തിരിഞ്ഞ് സെല്ലിന്റെ ഭാഗത്തേക്ക് നോക്കി. മുനയണ്ണൻ ആൽബർട്ടിനെ തന്നെ നോക്കി നില്ക്കുകയായിരുന്നു. വരണ്ട ഒരു ചിരി മുനയണ്ണനിലുണ്ടാകുന്നു.

ഓട്ടോറിക്ഷയിൽ നിന്ന് ഇറങ്ങിയ പാടെ ആൽബർട്ട് അകത്തേക്ക് ഓടുകയായിറുന്നു. സാറേ എന്റെ കാശ്, ഓട്ടോക്കാരനും കൂടെ ഇറങ്ങി വന്നു.

ഒരു മിനിട്ട് വെയ്റ്റ് ചെയ്യൂ. ആൽബർട്ടിനെ തടഞ്ഞു കൊണ്ട് ഓട്ടോ ഡ്രൈവർ മുഖം കറുപ്പിക്കുന്നു.

സാറേ ഇത് പോലീസ് സ്റ്റേഷനാ വെയിറ്റു ചെയ്യാനൊന്നും പറ്റില്ല. എഴുപത് രൂപ ആയി; വേഗം തന്നാട്ടെ പോയിട്ട് വേറെ പണിയൊള്ളതാ...

പോലീസ് സ്റ്റേഷനിലേക്ക് നോക്കി കൊണ്ട് തന്നെ കാശെടുത്ത് കൊടുത്തിട്ട് അയാൾ അകത്തേക്ക് ചെന്നു. ഇതാദ്യമായിട്ടല്ല, ആൽബർട്ട് പോലീസ് സ്റ്റേഷനിൽ കയറുന്നത്. കോളേജ് കാലത്ത്, എത്രയോ തവണ, കയറി ഇറങ്ങിട്ടുണ്ട്. ഒരിയ്ക്കൽ ഇതേ പോലീസ് സ്റ്റേഷനിൽ വെച്ചാണ്, ആൽബർട്ടും കൂട്ടുകാരും അതിക്രമിച്ചുകയറി അന്നുണ്ടായിരുന്ന എസ്. ഐയെ തല്ലുന്നത്. എന്നാൽ ഇപ്പോൾ വല്ലാത്തൊരു പരിഭ്രമം തന്നെ വട്ടമിട്ടു പറക്കുന്നതായി ആൽബർട്ട് അറിഞ്ഞു. പഴയ ആരെങ്കിലും അവിടെയുണ്ടോ എന്ന് ആൽബർട്ട് പരതി, ഒപ്പം അടഞ്ഞു കിടക്കുന്ന സെല്ലിനുള്ളിലേക്ക് നോക്കാനും മറന്നില്ല.

മാതേവനേയും മുനയണ്ണനേയും കണ്ട പാടെ വാസ്തവത്തിൽ ആൽബർട്ടിന്റെ കണ്ണുകൾ തുറിച്ചു പോയി. ഞെട്ടലിൽ നിന്ന് കുതറി മാറുവാനാകാതെ ആൽബർട്ട് സെല്ലിനടുത്തേക്ക് ഓടി.

മാതേവാ.... മുനയണ്ണാ... സെല്ലിന്റെ മൂലയ്ക്കായി നനഞ്ഞ പാവകളെപ്പോലെ കൂനിക്കൂടിയിരിക്കുകയായിരുന്നു അവർ. ആൽബർട്ടിന്റെ ശബ്ദം കേട്ടതോടെ രണ്ടു പേരും ചാടിയെണീറ്റു.

ദൈവംകുട്ടീ.... മാതേവന്റെ വിറങ്ങലിച്ച ശബ്ദം. ആ കണ്ണുകൾ കലങ്ങി കിടക്കുന്നു.

ആരാടാ നീ....? ആൽബർട്ട് തിരിഞ്ഞു. സെല്ലിനടിത്തേക്ക് ഒരു പോലീസുകാരൻ വരുന്നു.

സാർ, എന്റെ പേര് ആൽബർട്ട് തോമസ്... എന്റെ വീട്ടിൽ നിന്നാണ് അവരെ അറസ്റ്റ് ചെയ്തത്. സത്യത്തിൽ എന്നെ കാണാനായി വന്നവരാണ് ഇവർ.

ആരെ കാണാൻ വന്നതാണെങ്കിലും ഭവനഭേദനവും മോഷണശ്രമവുമാണ് ചാർജ് ചെയ്തിരിക്കുന്നത്.

സാർ, എന്റെ പപ്പാ ആളു തെറ്റി തന്ന കേസാണിത്. അവർ എന്റെ സ്നേഹിതരാണ് സാർ. ദയവായി സാർ അവരെ വിട്ടയക്കണം... ആൽബർട്ട് ഒരു വിധത്തിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. അപ്പോഴേക്കും മറ്റൊരു പോലീസുകാരൻ അവിടേക്ക് വന്നു. ഇത് കേട്ടില്ലേ സാറെ.... കുറച്ചു മുൻപ് വീട് അതിക്രമിച്ചു മോഷ്ടിക്കാൻ കേറീന്ന് തന്ത വിളിച്ചു പറഞ്ഞപ്പോ, പിടിച്ചോണ്ടുവരാനും മോൻ വന്നു പറയുമ്പോ വിട്ടു കൊടുക്കാനും പോലീസെന്താ ഇവന്റെയൊക്കെ.......കേൾക്കുമ്പോൾ അറപ്പുളവാക്കുന്ന തരത്തിലുള്ള ചീത്ത തന്നെയാണ് തുടർന്ന് അയാൾ വിളിച്ചത്. ആൽബർട്ട് മനോബലം വീണ്ടെടുത്തു. സാർ പ്ളീസ്, ഞാൻ എന്താണ് ചെയ്യേണ്ടത്?

അപ്പോഴേക്കും രാജീവ് ഒരു വക്കീലിനെയും കൊണ്ട് വന്നു. ഓട്ടോയിൽ, പോലീസ് സ്റ്റേഷനിലേക്ക് വരുമ്പോൾ തന്നെ ആൽബർട്ട് രാജീവിനെ വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചിരുന്നു.

ആൽബീ... തിരിഞ്ഞു നോക്കുമ്പോൾ, രാജീവ് സെല്ലിനടുത്തേക്ക് നടന്നു വരുന്നതാണ് കണ്ടത്. ആൽബർട്ടിൽ ശ്വാസം അപ്പോഴാണ് നേരെ വീണത്.

എന്തു പറ്റീടാ....? രാജീവിനോട് നടന്ന കാര്യങ്ങൾ വിശദീകരിക്കുമ്പോൾ വക്കീൽ പോലീസുകാരോട് സംസാരിച്ചു തുടങ്ങിയിരുന്നു. ആൽബർട്ട് അടുത്തായുള്ള തടി ബഞ്ചിലേക്ക് ഇരുന്നു.

നീലമുടിയോ.....? കഴിഞ്ഞ വർഷങ്ങൾ മുഴുവൻ നീ ആ കാട്ടിലായിരുന്നെന്നോ...? രാജീവ് അത്ഭുതത്തോടെ ആൽബർട്ടിനരികിലായി ഇരുന്നു.

അതൊക്കെ വിട്...രാജീവ്.. ഒരോരുത്തരും തിരഞ്ഞെടുക്കുന്നത് അവർക്കു വേണ്ടി കാലങ്ങൾക്ക് മുൻപേ നിയമിച്ചു വെച്ചിരിക്കുന്ന ജീവിതമാണല്ലോ...? അതിനെക്കുറിച്ചൊക്കെ നമുക്ക് പിന്നീട് വിശദമായി സംസാരിക്കമല്ലോ. ആദ്യം നമ്മുക്കവരെ പുറത്തിറക്കണം. അവരോട് കുറേ സംസാരിക്കാനുണ്ട്. ഡേവിഡിന്റെ മരണത്തിനു ശേഷം ആ നാടുവിട്ടു പോന്നതാ ഞാൻ. എന്നെ തേടി ഇത്രയും ദൂരം അവർ വരണമെങ്കിൽ അതിനു തക്കതായ എന്തോ പ്രശ്നങ്ങൾ അങ്ങ് നീലമുടിയിൽ ഉണ്ടായിട്ടുണ്ട്. ആൽബർട്ടിനെ മുഖഭാവം മാറുന്നത് കണ്ട് രാജീവ് പെട്ടന്നു തന്നെ എഴുന്നേറ്റു വക്കീലിന്റെ അരികിലേക്ക് നടന്നു. ആൽബർട്ട് ഇരുകൈകൾക്കുള്ളിലേക്കും മുഖം അമർത്തി വെച്ച് അങ്ങനെ തന്നെ ഇരുന്നു.

അപ്പോൾ നീലമുടിയിലെ പ്രഭാതം ആൽബർട്ടിലേക്ക് വിടർന്നു വരുന്നുണ്ടായിരുന്നു. പേരറിയാത്ത വൃക്ഷങ്ങളിൽ നിന്ന് പക്ഷികളുടെ കലമ്പൽ ഉയർന്നു. മഞ്ഞപ്പൂവുകൾ വീണു കിടക്കുന്ന പാറക്കെട്ടും കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയ സ്കൂളും കുടമ്പുകളും മരങ്ങളൊന്നുമില്ലാതെ വിശാലമായി കിടക്കുന്ന നീലമുടിയുടെ നെറുകയും ഒടുവിൽ ഡേവിഡിന്റെ ചോര പടന്നു കിടന്ന വഴിത്താരയും മുണ്ടോട്ടിത്തറയിലെ പോലീസ് സ്റ്റേഷനും മുനയണ്ണനും മാതേവനും കുമ്മാശനും കറമ്പനും എല്ലാം ആൽബർട്ടിലൂടെ കടന്നു പോയി.

ആൽബീ...ശബ്ദം കേട്ട് ആൽബർട്ട് കൈകൾക്കുള്ളിൽ നിന്ന് മുഖം ഉയർത്തി. രാജീവ് അടുത്തേക്ക് വരുന്നു. കൂടെ വക്കീലും മാതേവനും മുനയണ്ണനും. എസ് ഏ ആണെന്നു തോന്നിയ ഒരു പോലീസുകാരന് വക്കീൽ ഷേക്ക്ഹാൻഡ് നൽകി പുഞ്ചിരിക്കുന്നു.

ആൽബർട്ട് മാതേവനേയും മുനയണ്ണനേനും മാറി മാറി നോക്കി. അവരെ ചേർത്തു പിടിക്കാനോ പൊട്ടിക്കരയാനോ അങ്ങനെ എന്തൊക്കെയോ ആൽബർട്ടിൽ തുടിച്ചു കൊണ്ടിരുന്നു. ആദ്യം കണ്ട അതേ പരിഭ്രമത്തോടെ മാതേവനും മുനയണ്ണനും ചിരിക്കാനോ കരയാനോ കഴിയാതെ ആൽബർട്ടിനെ നോക്കി നിന്നു. വാ..ഇറങ്ങാം. ജാമ്യം എടുത്തിട്ടുണ്ട്. ഇന്നോ നാളെയോ നിന്റെ പപ്പയോട് കേസ് പിൻവലിക്കാൻ പറയണം കേട്ടോ ...രാജീവ് അങ്ങനെ പറഞ്ഞു കൊണ്ട് വക്കീലിന്റെ കൂടെ നടന്നു. ആൽബർട്ട് അപ്പോഴും എന്തു ചെയ്യണമെന്നറിയാതെ നിൽക്കുകയായിരുന്നു.

ആൽബീ..അവരേം കൂട്ടി വാ ....കാറിന്റെ അടുത്തായി രാജീവ് എത്തിയിട്ടും ആൽബർട്ട് പോലീസ് സ്റ്റേഷന്റെ വരാന്തയിൽ തന്നെ നിൽക്കുകയായിരുന്നു. പെട്ടന്നൊരാവേശത്താൽ ആൽബർട്ട് അവരെ ചേർത്തു പിടിച്ചു.

മാതേവൻ പെട്ടന്ന് പൊട്ടിക്കരഞ്ഞു. ദൈവം കുട്ടീ....! മുനയണ്ണനും ഭാവം പകർന്ന് നിൽക്കുന്നു.

ആൽബർട്ടിന്റെ മനസ്സും തുടിച്ചു കൊണ്ടിരുന്നു. ആൽബർട്ടിനേയും രാജീവിനേയും നോക്കി വക്കീൽ കൈ വീശി കാട്ടി

04

ചോദ്യോത്തര വേദി

# വാറൻ ബഫറ്റിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ലോകത്തിലെ ഏറ്റവും വലിയ സമ്പന്നന്മാരിലൊരാളായ **'വാറൻ ബഫറ്റ്'**, രണ്ടു മുറികളുള്ള ഒരു വീട്ടിൽ ഭക്ഷണമൊക്കെ സ്വയം പാകം ചെയ്തു ജീവിക്കുന്നു. തന്റെ സ്വത്തിന്റെ പകുതി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം ചിലവാക്കുന്നത്. **എന്നാൽ അദ്ദേഹം ദൈവവിശ്വാസിയല്ല.** യേശുക്രിസ്തു അരുളിച്ചെയ്ത ഉപമകളിലെ (മത്തായി 13:3-9) **നൂറുമേനി** വിളവുണ്ടായ ജീവിതമാണ് അദ്ദേഹത്തിന്റേത്. മാത്രമല്ല അദ്ദേഹമൊരു **ഹ്യൂമനിസ്റ്റുമാണെന്ന്** റിപ്പോർട്ടുകൾ പറയുന്നു. എന്താണ് **ഹ്യൂമനിസം?** യേശുവിന്റെ വചനങ്ങൾ അദ്ദേഹത്തെ സ്വാധീനിക്കാതെ **നൂറുമേനി** വിളവുണ്ടായത് എങ്ങനെ?

– സെബാസ്റ്റ്യൻ, ഏറ്റുമാനൂർ

**ഉത്തരം:** മനുഷ്യനാണ് എല്ലാറ്റിന്റെയും അടിസ്ഥാനം എന്ന് **ഹ്യൂമനിസ്റ്റുകൾ** ചിന്തിക്കുന്നു. നല്ലതായി ജീവിക്കുന്ന മനുഷ്യന്റെ മഹത്വമൊന്നും ആരുടെയെങ്കിലും സങ്കല്പത്തിലുള്ള ദൈവത്തിനു കൊടുക്കേണ്ട ആവശ്യമില്ലെന്നവർ കരുതുന്നു. ദൈവമില്ലാതെയും മനുഷ്യന് നല്ലതായി ജീവിക്കാൻ സാധിക്കും. ക്രിസ്തീയ ഭവനത്തിൽ ജനിച്ച്, ക്രിസ്തീയ നാമമുള്ള ധാരാളം വ്യക്തികൾ ഇന്ന് **ഹ്യൂമനിസ്റ്റ്** ചിന്താഗതിയുള്ളവർ ആണ്. യേശുക്രിസ്തു അരുളിച്ചെയ്ത സ്വർഗ്ഗവും നരകവും യുഗാന്ത്യത്തിലെ യാഥാർത്ഥ്യങ്ങളല്ല മറിച്ച് ഈ ഭൂമിയിൽ നമ്മളിൽതന്നെ സംഭവിക്കുന്ന കാര്യങ്ങളാണെന്ന് അവർ വിശ്വസിക്കുന്നു. തന്റെ ഒരു കിഡ്നി സാധാരണക്കാരനായ ഒരു ഡ്രൈവർക്ക് സംഭാവന ചെയ്യുകയും ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്യുന്ന കേരളത്തിലെ പ്രശസ്തനായ വ്യവസായി ശ്രീമാൻ. കൊച്ചൗസോപ്പ് ചിറ്റിലപ്പിള്ളി ദൈവവിശ്വാസമില്ലെന്ന് 'മംഗളം' പത്രത്തിൽ പ്രഖ്യാപിച്ചിരുന്നു.

യേശുക്രിസ്തു അരുളിചെയ്ത ഉപമകളിലെ മുപ്പത്, അറുപത്, നൂറുമേനി വിളവ് നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങളല്ല. ജീവകാരുണ്യ പ്രവർത്തനങ്ങളെല്ലാം നല്ല പ്രവർത്തികളാണ്. മനസ്സിലവ്, ദയ, കരുണ, സ്നേഹം ഇവയുടെ പ്രതിഫലനങ്ങളാണ്. ദൈവവിശ്വാസിയായ കോട്ടയത്തെ പി. യു. തോമസ് (നവജീവൻ ട്രസ്റ്റ് സ്ഥാപകൻ) ചെയ്യുന്നത്രയും ജീവകാരുണ്യ പ്രവർത്തനങ്ങൾ കേരളത്തിലാരും ചെയ്യുന്നതായി എനിക്കു തോന്നുന്നില്ല. ക്രിസ്തീയമൂല്യങ്ങൾ വിലമതിക്കുന്നവരെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നേരിൽ കാണേണ്ടതാണ്. കുറഞ്ഞപക്ഷം അദ്ദേഹത്തെ ഒന്നു പരിചയപ്പെടേണ്ടതു തന്നെയാണ്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പിതാവിനും വളരെ ചെറുപ്പം മുതലേ കഷ്ടപ്പെടുന്ന മനുഷ്യരോടു വളരെ കരുണയും മനസ്സലിവും ഉള്ളവരായിരുന്നു.

ഓരോ മനുഷ്യനും വ്യത്യസ്ത സ്വഭാവവിശേഷതകളുമായിട്ടാണ് ഭൂമിയിൽ ജനിക്കുന്നത്. അടിസ്ഥാനപരമായ മനുഷ്യന്റെ ഈ സ്വഭാവത്തിനു പുറമേ, മറ്റൊരു സ്വഭാവരീതി മനുഷ്യന് വളർത്തിക്കൊണ്ടുവരുവാൻ സാധിക്കും. ഏതൊരു കള്ളനും വ്യാജനും തന്റെ സ്വഭാവം മാറ്റി അദ്ധ്വാനിച്ച് മാന്യമായി ജീവിക്കുവാൻ സാധിക്കും (എഫെസ്യർ 4:28). സ്വയം മാറ്റത്തിനുള്ള ഈ കഴിവ് മൃഗങ്ങൾക്കില്ല. ഒരു സിംഹത്തിനും ആടിന്റെ സ്വഭാവം സ്വീകരിക്കാൻ കഴിയുകയില്ല; എന്നാൽ ഏത് ദുഷ്ടനും മാന്യനാകുവാൻ കഴിയും. പൗലോസ് അപ്പൊസ്തലൻ തന്റെ മാറ്റം ഇപ്രകാരം വെളിപ്പെടുത്തുന്നു. ഒരു കാലത്തു 'ഞാൻ ദുഷ്ടനും, ഉപദ്രവകാരിയും, നിഷ്ഠൂരനും ആയിരുന്നു' (1 തിമൊ. 1:13).

എന്നാൽ യേശുവിനെ കണ്ടുകഴിഞ്ഞതോടെ തന്റെ സ്വഭാവം മാറ്റി ആത്മീയനായിത്തീർന്നു. തന്റെ ജീവിതത്തിൽ കൂടി ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ തീരുമാനിച്ചു. "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു", എന്നാണ് അദ്ദേഹം എഴുതിയത് (ഫിലിപ്പ്:1:21).

**നൂറുമേനി വിളവിനെപ്പറ്റി (മത്തായി 13:3-9)**

കർത്താവിന്റെ വചനം ഒരാൾ മനസ്സിലാക്കാൻ ശ്രമിക്കാത്തതാണു വഴിയരികെ വിതയ്ക്കപ്പെട്ട വചനം.

കർത്താവിന്റെ വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ, വചനം ത്യജിച്ചുകളയുന്നതാണു പാറസ്ഥലത്തു വിതയ്ക്കപ്പെട്ട വചനം. ഈ ലോകത്തിന്റെ ചിന്തയും ധനത്തിനോടുള്ള ആർത്തിയും കാരണം **ആത്മാവിന്റെ ഫലം** പുറപ്പെടുവിക്കാൻ കഴിയാത്തതാണ് മുള്ളിനിടയിൽ വിതയ്ക്കപ്പെട്ട വചനം (മത്തായി 13:22).

കർത്താവിനെ സ്നേഹിച്ച്, വിശ്വസിച്ച്, അനുസരിച്ചു പോകുമ്പോൾ ഒരു വ്യക്തിയിലും അയാളുടെ പ്രവൃത്തികളിലുമുണ്ടാകുന്ന ആത്മാവിന്റെ പ്രതിഫലനങ്ങളാണ് 30, 60, 100 മേനിയായി വിളയുന്ന ഫലത്തിന്റെ അളവുകോൽ. **അതു ലോകം വിലമതിക്കുന്ന വൻപ്രവൃത്തികളാകണമെന്നില്ല. വളരെ ചെറിയ ഉത്തരവാദിത്വങ്ങളേ കർത്താവ് പലർക്കും കൊടുക്കാറുള്ളൂ.** ഉദാഹരണത്തിന്, ഒരു സെമിനാരിയിലെ അടുക്കളയിലെ പാത്രം കഴുകലായിരുന്നു ബ്രദർ ലോറൻസിന്റെ മരണംവരെയുള്ള പണി. 400 വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം എഴുതിയ എഴുത്തുകൾ **ഇന്നും** പുസ്തകമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അനേകർക്ക് ആത്മീയ അനുഗ്രഹമായ, ആത്മാവിന്റെ പ്രതിഫലനമായിരുന്നു അദ്ദേഹത്തിന്റെ എഴുത്തുകൾ. സ്വന്തം ബോയിങ് വിമാനത്തിൽ, അനേകം രാജ്യങ്ങളിൽ സുവിശേഷപ്രസംഗം നടത്തിയ, ആന്ധ്രായിലെ കെ. എ. പോൾ അവിശ്വസ്തത, പണാപഹരണം, കൊലപാതകശ്രമം മുതലായവയ്ക്കു ജയിലിലാണ്. ചിലരുടെ ശുശ്രൂഷയുടെ **തുടക്കത്തിൽ** സ്നേഹവും ദയയും വിശ്വസ്തയും സൗമ്യതയും ആത്മനിയന്ത്രണവമൊക്കെ കാണുമെങ്കിലും, **പിന്നീടുള്ള** ശുശ്രൂഷയിൽ ശത്രുത, അസൂയ, കോപം, സ്വാർത്ഥത, ഭിന്നത, വിദ്വേഷം, കക്ഷിമത്സരം മുതലായവയാണ് 30, 60, 100 മേനിയായി വിളയുന്നത്. കൊറിയയിൽ പത്തു ലക്ഷം അംഗങ്ങളുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ തലവനായ **പോൾ യോംഗിചോയും** ഏകാധിപത്യം, അവിശ്വസ്തത, വിശ്വാസവഞ്ചന മുതലായവയ്ക്ക് ജയിലിൽ പോയിരുന്നതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറിയ പ്രവൃത്തിയോ, വലിയ പ്രവൃത്തിയോ എന്തായാലും ഒരുവനിലും അവന്റെ പ്രവൃത്തികളിലും കാണുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവ (ഗലാത്യർ 5:22) 30, 60, 100 മേനിയായി വർദ്ധിക്കുന്നുണ്ടോ എന്നാണു കർത്താവ് നോക്കുന്നത്. സുവിശേഷത്താൽ കർത്താവു ന്യായം വിധിക്കുന്ന നാളിൽ മാത്രമേ **ഒരുവനിൽ എത്രമേനി** വിളവുണ്ടായെന്ന് പറയാനൊക്കൂ (റോമർ 2:16). നമ്മളോ നമ്മുടെ സംഘടനകളോ അളക്കുന്ന അളവിലല്ല കർത്താവു നമ്മെ അളക്കുന്നത് (മത്തായി 7:21,22).

വിശ്വാസികളുടെ പ്രതിഫലത്തിനായി, കർത്താവു ന്യായം വിധിക്കുന്നത് സുവിശേഷമനുസരിച്ചാണ് (റോമർ 2:16). ആയതിനാൽ, കർത്താവിനെ സ്നേഹിച്ച് വിശ്വസിച്ച് അനുസരിക്കാതെ നമ്മുടെ സമ്പത്തെല്ലാം ദാനം ചെയ്താലും, മറ്റുള്ളവർക്കുവേണ്ടി നമ്മുടെ അവയവങ്ങൾ കൊടുത്താലും, ജീവനെ കൊടുത്താലും ഭൂമിയിലെ ജീവിതത്തിൽ ബഹുമാനം ലഭിക്കുമെങ്കിലും, നിത്യതയിൽ, കർത്താവിന്റെ രാജ്യത്തിൽ പ്രയോജനമില്ലെന്നു ദൈവവചനം പ്രഘോഷിക്കുന്നു (1 കൊരി. 13:3).

## 08 വേദ പഠനം.....

ക്രിസ്തു തന്നെത്താൻ പ്രായശ്ചിത്തമായി ഏല്പിച്ചു കൊടുത്തു എന്ന ആശയത്തെ നിഷേധിക്കുകയാണ് ഇവർ ചെയ്യുന്നത്. സോസീനിയൻസ് പറയുന്നത് ദൈവത്തിന് പ്രതികാരമടങ്ങുന്ന നീതിയില്ല എന്നാണ്. പാപത്തെ ശിക്ഷിച്ചേ മതിയാകു എന്നു ദൈവം ആവശ്യപ്പെടുന്നില്ല. ആരോടും ക്ഷമിക്കാതെവണ്ണം ഒരു ചിത്തം ദൈവത്തിനില്ല. ക്രിസ്തുവിനേപ്പോലെ അനുസരണ മനോഭാവം കാണിച്ചാൽ നിത്യജീവനിൽ എത്തുവാൻ കഴിയുമെന്നാണ് ക്രിസ്തുവിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നത് എന്ന ഈ സിദ്ധാന്തം പ്രസ്താവിക്കുന്നു. ആറാമതായി ആധിപത്യസിദ്ധാന്തം, ഹ്യൂഹോ ഗ്രോറ്റ്സ് എന്ന ഡച്ചു ചിന്തകനും വേദശാസ്ത്രിയുമാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞതാവ്. നവീകരണ പിതാക്കൾക്കും സോസീനിയൻസിനും ഇടയ്ക്കു ഈ സിദ്ധാന്തം സ്ഥാനം പിടിച്ചു. പാപത്തിനു തുല്യശിക്ഷ ആവശ്യപ്പെടാതെ തന്നെ ദൈവം പാപികളോട് ക്ഷമിക്കുമെന്നും ദൈവാധിപത്യത്തിന്റെ നിയമം അനുശാസിക്കും വിധം ക്രിസ്തു തന്റെ മരണത്താൽ വില കൊടുത്തു എന്നും അതു നിമിത്തം പാപികൾക്കു മോചനം ഉണ്ടെന്നും അദ്ദേഹം വാദിച്ചു. ഈ സിദ്ധാന്തവും വചനാധിഷ്ഠിതമല്ല. ഇതിനോടും യോജിക്കുവാൻ കഴിയുകയില്ല.

## 12 മാധ്യമവിചാരം....

ന്നു. പി. സി. ഐ. വഴുവഴുപ്പിലാണ്. സൂക്ഷിക്കുന്നില്ലെങ്കിൽ ഇനി അടിതെറ്റും. തങ്കു എന്ന വള്ളിക്കെട്ടിനെ വീടാതെ പിടിക്കാനാണ് ഭാവമെങ്കിൽ പി. സി. ഐ.യുടെ അമരന്മാർക്ക് ഇനിയുള്ള നാളുകൾ ഞങ്ങൾ മാധ്യമപ്രവർത്തകരുടെ ശക്തമായ നീക്കങ്ങളെ അവഗണിക്കാൻ പറ്റാതാകും. തങ്കുവിനൊപ്പം ചേർന്ന് ഏതു കച്ചവടവും നടത്താനുള്ള അവരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു. പക്ഷെ അത് പെന്തെക്കോസ്തിന് പുറത്തുപോയിട്ട് മതി.

## 03 നോവൽ....

യിട്ട് കാറി ലേക്ക് കയറുന്നു. ആൽബർട്ട് രാജീവിന്റെ അരികിലെത്തി. ഡാ...ഇന്ന് ഇവർക്ക് താമസിക്കാനുള്ള ഇടം കൂട്ടി നീ ഒപ്പിച്ചു തരണം. ഞാനും ഇന്ന് ഇവരുടെ കൂടെയാ....ആൽബർട്ട് രാജിവിന്റെ തോളിൽ തട്ടി.

ഉം....ഡാ നമ്മൾ പണ്ടൊക്കെ കൂടാറുണ്ടായിരുന്ന...ആ വായനശാലേടെ മുകളിലെ മുറി മതിയാകുമോ....ഓ..അല്ലെങ്കിൽ വേണ്ട നീ കേറിക്കോ എന്റെ വീട്ടിൽ തന്നെ പോകാം.

വേണ്ട രാജീവ്...വായനശാലയിലേക്ക് വണ്ടി വിട്. അതാണ് ഞങ്ങൾക്ക് പറ്റിയ ഇടം.

മാതേവനും മുനയണ്ണനും ആൽബർട്ടിന്റെ ഒപ്പം കാറിലേക്ക് കയറി.

(തുടരും)

## 10 കഥ.....

വീണ്ടും ഞെട്ടിയത്. ശലോമോന്റെ കൊട്ടാരം ഇത്രയും ഉണ്ടായിരുന്നോ ആവോ?

എന്നാൽ മനസ്സിനെ തകർത്തുകളഞ്ഞത് ഉത്തരവാദിത്വപ്പെട്ടവരുടെ ഈ മറുപടി ആയിരുന്നു.

"പറ്റുമെങ്കിൽ അവിടെത്തന്നെ നിൽക്കുക. നാട്ടിൽ ഒരു സഭ തരാൻ നിവൃത്തിയില്ല. ബുദ്ധിമുട്ടാണെങ്കിൽ മറ്റു വഴികൾ നോക്ക്".

കഴിഞ്ഞവർഷം പഠിച്ചിറങ്ങിയ പല ചെറുപ്പക്കാരും നല്ല സഭകളിൽ പ്രവേശിച്ച കാര്യം മോനച്ചൻ ഉപദേശി അറിഞ്ഞിരുന്നു.

അതിനുശേഷം ഈ വർഷമാണ്, സുഹൃത്ത് സ്റ്റീഫൻ ഫോൺ വിളിച്ച് സ്ഥലംമാറ്റത്തിന്റെ കാര്യം ഇപ്പോൾ ചോദിച്ചിരിക്കുന്നത്.

നാട്ടിലെ സഭയിലെ വിശ്വാസികൾക്കു പോലും, 'വടക്കേ ഇന്ത്യയിലെ ദൈവദാസന്മാരെ വിളിച്ച് ഞങ്ങളുടെ സഭയിൽ ശുശ്രൂഷിപ്പിക്കണ'മെന്ന് തീരുമാനിക്കാൻ കഴിയാത്തതെന്ത്?

കാണേണ്ടവരെ കണ്ട് ഒരു കൈമടക്ക് കൊടുത്താൽ ഒരു സഭ കിട്ടിയേക്കുമെന്നു മറ്റൊരു സുഹൃത്ത് പറഞ്ഞു കേട്ടിരുന്നു.

ചിന്തകളും ഓർമ്മകളും മോനച്ചൻ പാസ്റ്ററുടെ കണ്ണുകൾ നനച്ചു തുടങ്ങിയിരുന്നു. ഇപ്പോൾ അകത്തേക്ക് കയറിയാൽ ലിസിയും മക്കളും കണ്ടെന്നിരിക്കും.

ആ രാത്രി, മോനച്ചൻ പാസ്റ്റർ ഏറെ സമയം ആ മുറ്റത്തിരുന്നു.

നക്ഷത്രങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു ആ രാത്രി. രാത്രിയിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ കണ്ട് മോനച്ചൻ പാസ്റ്റർ ആശ്വാസിച്ചു. തിളങ്ങുന്ന മറ്റൊരു നക്ഷത്രമായ്.....

## 10 ധ്യാനം....

ത്താൽ അവന്റെ തേരും കൂടി കൈക്കലാക്കാനുള്ള ഇന്നത്തെ വികലമായ ആധ്യാത്മികതയുടെ പ്രത്യക്ഷലക്ഷണമാണ്. തേരിൽ കയറിയാൽ അവന്റെ ഉപദേശവും താഴേക്കിറങ്ങിയാൽ ത്രീവ്രവാദിയുമാകുന്ന ഇരട്ടത്താപ്പ് നയങ്ങൾ ചില പ്രത്യേക ലക്ഷ്യങ്ങളിൽ കണ്ണുവച്ചുള്ള കച്ചവട തന്ത്രങ്ങളാണെന്നത് ആത്മീയതിമിരം ബാധിക്കാത്തവനു മനസിലാകും. സാധാരണക്കാരായ വിശ്വാസിസമൂഹത്തിനോടായി ഉപദേശപരമായ വിഷയങ്ങളിലെ തീവ്രവ്യാഖ്യാനഭാവവും ഭണ്ഡാരാധിപന്മാർ വാഴുന്ന രഥസമാന വേദികളിൽ സ്വീകരിക്കുന്ന ഉപദേശ വിഷയങ്ങളിലെ നയവ്യതിയാനങ്ങളും കാണുമ്പോൾ – എല്ലാം നിവൃത്തി വരുന്ന കാലത്തിന്റെ ലക്ഷണം എന്താണെന്ന ശിഷ്യന്മാരുടെ ചോദ്യത്തിന്, "ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുവിൻ" എന്ന യേശുവിന്റെ മറുപടി ഓർത്തുകൊള്ളുക!

## 02 യുവജന പംക്തി.....

യ്യുന്നവരെ പിടിച്ചു നിർത്തുവാൻ ദൈവം സ്വീകരിക്കുന്ന ഒരു ഉപാധിയായി അപകടത്തെ കാണാം. ജീവിതത്തിലെ അപകടങ്ങൾ നമ്മെ ശരിയായ പാതയിലേക്കു നയിക്കുന്ന കൈചൂണ്ടികളാണ്.

(തുടരും...)

## 01 ന്യൂജനറേഷൻ പ്രവണത.....

ത്തുന്ന രോഗശാന്തി പ്രാർത്ഥനകളും സാമ്പത്തിക അനുഗ്രഹ പ്രാർത്ഥനകളും സംശയത്തിന്റെ നിഴലിൽ സമൂഹം കാണുകയാണ്. പുതിയ നിയമം വരുന്നതോടെ പുത്തൻപ്രവണതക്കാർ പലരും വലയിൽ വീഴുമെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. തങ്കു, താരു, സജിത്ത്, റെയ്സൺ, ഫിന്നി സ്റ്റീഫൻ, ജോൺ ലോറൻസ്, സാം കുമരകം, സാമച്ചൻ, ടിനു ജോർജ്ജ് തുടങ്ങിയ വ്യത്യസ്ത ബ്രാൻഡുകളിലുള്ള തട്ടിപ്പുകാർ കുടുങ്ങാൻ സമയം അടുത്തിരിക്കുകയാണ്. അതിനായി പൊതുസമൂഹം ജാഗ്രത പാലിച്ചുകഴിഞ്ഞു. അതാണ് കേരളശബ്ദം കവർസ്റ്റോറി നമ്മോട് പറയുന്നത്.

ലേഖനം

# ദുരുപദേശങ്ങളുടെ മാമ്പഴക്കാലം – 3



റെജി പോൾ, ഷാർജ

ദുരുപദേശക്കാരെ തുറന്നു കാട്ടാനും അവരുടെ പൊള്ളത്തരങ്ങളുടെ തൊലി പൊളിക്കുവാനും മുഖ്യധാരയിൽ നിന്നു വിജയം കാണാത്ത ദുർബല ശ്രമങ്ങൾ നടക്കുന്നു. അപ്പോൾത്തന്നെ, ഇക്കൂട്ടരോടു ചേർന്നു വേദി പങ്കിടാൻ, മുഖ്യധാരയിലെ ആദരണീയരും അനാദരണീയരുമായ 'പ്രബോധന പുത്രന്മാർ' ഉത്സാഹിക്കുന്നതും കാണുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഇവിടെ ആരെയാണു വാസ്തവത്തിൽ വിശ്വാസ യോഗ്യരായിക്കാണേണ്ടതെന്നറിയാതെ ജനം കുഴയുന്നു. കാരണം, ദുരുപദേശക്കാരനു കഴിഞ്ഞ മൂന്നു വർഷമായെങ്കിലും സ്ഥിരമായൊരു നിലപാടുണ്ട്. മാത്രവുമല്ല കർത്തൃമേശയെടുക്കാൻ പ്രത്യേകിച്ച് യോഗ്യതയൊന്നും വേണ്ടെന്ന് അവർ പ്രസംഗിച്ചു എന്നൊരു പാപമേ ചെയ്തിട്ടുള്ളൂ. എന്നാൽ അതു തെളിയിച്ചു കൊടുത്തതു നമ്മെ നടത്തുന്നവരല്ലേ? കുമ്പനാട്ടെ വലിയ പെരുന്നാൾ തുടങ്ങി, തട്ടിപ്പുകാരുടെ കുട്ടിപ്പട്ടാളത്തോടൊപ്പവും ചെറിയ പെരുന്നാളിലും സഹകരിക്കുന്ന വൈരുദ്ധ്യാത്മക കാഴ്ച നമ്മുടെ കൺവൻഷൻ വീരന്മാരുടെ മുഖമുദ്രയായി മാറിയിരിക്കുന്നു! ഇവരൊക്കെ ഉണർവ്വു പ്രസംഗങ്ങളിലൂടെ അണികളിൽ ആവേശം നിറച്ചതല്ലാതെ, ആരെയെങ്കിലും വാസ്തവമായ മാനസാന്തരത്തിലേക്കു നടത്തുന്നുണ്ടോ എന്നതും സമസ്യയായി അവശേഷിക്കുന്നു. ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നവരുടെയൊക്കെ തോളിൽ കയ്യിടുമ്പോൾ, ഇതൊക്കെ മറക്കുന്ന കാഴ്ചയാണ് കാണുന്നത്. കെ. സി. ജോൺ ഇതിലപ്പുറവും ചെയ്യും, പക്ഷെ ബാബു ചെറിയാൻ എങ്ങനെ തെറ്റുന്നു എന്ന ചോദ്യം കേട്ടപ്പോൾ, ലേഖകനെ വിശ്വാസത്തിലേക്കു കൈ പിടിച്ചു നടത്തിയ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാനേ കഴിയുന്നുള്ളൂ. യോഗസ്ഥലത്തെ പ്രാരംഭ ശുശ്രൂഷകളിലൊന്നായ പ്രസംഗകനെ മുഖസ്തുതിയിൽ കുളിപ്പിക്കൽ എന്ന പൈശാചിക മയക്കുമരുന്നിന് അഡിക്റ്റായിപ്പോയതുകൊണ്ട്, ഇനിയാരെങ്കിലും പ്രബോധിപ്പിച്ചാലും ഏറ്റെടുക്കുമോയെന്നും സംശയമുണ്ട്. എത്ര ആളു കൂടും എന്നൊക്കെ ചോദിച്ചറിയുമ്പോൾ, ആരുടെ കൂടെയാണു വേദി പങ്കിടുന്നതെന്ന് ചോദിച്ചറിയാത്തത് ഓർമ്മപ്പിശകായിത്തള്ളാൻ എളുപ്പമാണ്. ഏതായാലും പലരും പിന്നീടു തെറ്റു തിരുത്തിയതു നന്നായി. വേർപാടിന്റെ മഹത്വമോർത്തിട്ടല്ല, മറിച്ച് വലിയ നാണക്കേടാവുമെന്നും ഇപ്പോഴുള്ള മാർക്കറ്റിന് ഇടിവ് തട്ടുമെന്നതുകൊണ്ടുമാണു പലരും പിന്മാറിയെന്നതും സത്യം. ദൈവമക്കളെ തിരുത്തുന്നതിനെക്കാൾ, എല്ലാത്തരക്കാരെയും ഇരുത്തുന്നതിൽ കേമനായ മേത്രയ്ക്കിതു മാമ്പഴക്കാലമാകയാൽ ഇനിയും തെറ്റിയേക്കാം. 'ഇതാ, മുക്കാച്ചക്രത്തിന്റെ നോട്ടീസുകളിൽ എന്നെക്കുറിച്ചെഴുതിയിരിക്കുന്നു' എന്നാശ്വസിക്കുന്ന കേസീയെയും മടക്കി ക്കൊണ്ടുവരാൻ വിഷമം. മുകളിൽ നിന്നു ദൈവവും കീഴെ നിന്നു ബാലനും വലിച്ചിട്ടും നിവരാത്ത അങ്ങേരെ വെറുതെ വിടുക. രണ്ടു പത്രോസ് രണ്ടിന്റെ ഇരുപത്തിരണ്ടിൽ തന്നെക്കുറിച്ചെഴുതിയിരിക്കുന്നതിനെക്കാൾ, നോട്ടീസിൽ പടം വരുന്നതിനു മഹത്വം കല്പിക്കുമ്പോൾ, പൂച്ചയ്ക്കാരു മണി കെട്ടാൻ?

ദുരുപദേശങ്ങൾക്കു പടർന്നു കയറാൻ സാധ്യതകൾ സൃഷ്ടിച്ചതാരെന്നു ഓടിച്ചു പരിശോധിക്കാം:

1. ഉപദേശദാരിദ്ര്യം:

അടിസ്ഥാന വേദോപദേശങ്ങൾ വിശ്വാസികളെ പഠിപ്പിക്കാൻ ഒരിക്കലും മിനക്കെടാത്ത സഭയിലെ ഇടയന്മാരും അതിനു പ്രേരിപ്പിക്കാത്ത വലിയ (Centre, District, State) ഇടയന്മാരും ആണ് ഈ വിഷയത്തിലെ പ്രധാന വില്ലന്മാരുമാണ്. സ്വന്തം കയ്യിൽ ദൈവം ഏൽപിച്ചിരിക്കുന്ന ആടുകളെ പഥ്യോപദേശങ്ങൾ പഠിപ്പിച്ചു ശിഷ്യത്വത്തിലേക്കു നടത്തുന്നതിൽ പരാജയപ്പെട്ടവർ, അവരുടെ മുഖ്യശുശ്രൂഷ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ദ്രവ്യാഗ്രഹവും സ്ഥാനമോഹവും ലോകയിമ്പവും മൂന്നാണികളിൽ തൂക്കാത്ത ഇവർ തങ്ങളെത്തന്നെ വിടുവിക്കാൻ കഴിയാതെ, പാപത്തിന്റെ ദാസ്യത്വത്തിൽ ജീവിക്കുമ്പോൾ, മറ്റുള്ളവരെ രക്ഷിക്കുമെന്നു പ്രതീക്ഷിക്കുന്നതും മൗഢ്യമാണ്.

2. നേതൃത്വത്തിന്റെ വിരുദ്ധസാക്ഷ്യം:

അപ്പൊസ്തലന്മാർ സഭകളെ നോക്കി പ്രാഗത്ഭ്യത്തോടെ ഇങ്ങനെ വിളിച്ചു പറഞ്ഞു, "ഞങ്ങളെ നോക്കുവിൻ", "ഞങ്ങളുടെ അനുകാരികളാകുവിൻ". എന്നാലിന്ന് അനുകരണ യോഗ്യരായി പരിഗണിക്കാവുന്നവരെ അന്വേഷിച്ചു ജനം ക്ഷീണിക്കുന്നു. സാമ്പത്തിക ഇടപാടുകൾ, സ്ത്രീ വിഷയങ്ങൾ, അധികാര വടം വലി, ജാതികളുമായി ആത്മീയ വിഷയങ്ങളിൽ കൂട്ടായ്മ തുടങ്ങിയ എല്ലാ നിലകളിലുമുള്ള വീഴ്ചകൾ സഭകളെയും വിശ്വാസികളെയും മലീമസമാക്കിയിട്ടുണ്ട്.

3. പരിജ്ഞാന ദാരിദ്ര്യം:

ഹോശേയ 4:6 "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു; പരിജ്ഞാനം ത്യജിക്കകൊണ്ടു നീ എനിക്കു പുരോഹിതനായിരിക്കാതവണ്ണം ഞാൻ നിന്നെയും ത്യജിക്കും; നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും". ബിസിനസ് നടത്തി വിജയിച്ചതും പ്രസംഗിക്കാൻ സാമർത്ഥ്യമുള്ളതുമൊക്കെ സഭാനടത്തിപ്പിനുള്ള യോഗ്യതകളാകുന്ന ഇക്കാലത്ത്, വചനപരിജ്ഞാനവും ദൈവിക വെളിപ്പാടുകളുമൊന്നും വലിയ പ്രസക്തിയുള്ള വിഷയങ്ങളല്ല. കഷ്ടപ്പെട്ട് മൂന്നു വർഷം ബൈബിൾ കോളജിൽ പഠിച്ചവനെക്കാൾ, രണ്ടായിരം രൂപ കൊടുത്തു വ്യാജ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും മേടിച്ചവന് ആത്മീയലോകത്തിൽ മാന്യത ലഭിക്കുമ്പോൾ, പിന്നെങ്ങനെ ദൈവേഷ്ടം നിറവേറാൻ? പോരാത്തതിന് ഇന്റർനെറ്റിൽ പോയാൽ ഏതു തരത്തിലുള്ള എന്തു സാധനവും കിട്ടും. പക്ഷെ ഗൂഗിളിൽ എത്ര തപ്പിയാലും കിട്ടാത്ത ഒന്നുണ്ട്- പരിശുദ്ധാത്മാവിലുള്ള പരിജ്ഞാനം. അതില്ലാത്തവർ രണ്ടു പക്ഷത്തും നിൽക്കുമ്പോൾ ഇതിങ്ങനെയേ പോകൂ.

## ഇടിമിന്നൽ തീഗോളത്തിൽ നിന്ന് അത്ഭുത വിടുതൽ

**വെള്ളറട:** ഏപ്രിൽ 21 സമയം വൈകുന്നേരം 5 മണി ഉച്ചയ്ക്കു 12 മണി മുതൽ തോരാതെ തിമിർത്തു പെയ്യുന്ന മഴ. അഞ്ചു മണിയായപ്പോൾ, ബോംബ് പൊട്ടിയതുപോലുള്ള ശബ്ദം ഉണ്ടായി. അയൽക്കാർ നോക്കിയപ്പോൾ, ഒരു വീടിനെ പൊതിഞ്ഞ് തീയും ഗന്ധകവും പുകയും നിറഞ്ഞ് നില്ക്കുന്ന കാഴ്ചയാണ് കണ്ടത്. 20 മിനിറ്റ് നേരം ആർക്കും പ്രവേശിക്കാൻ പറ്റാത്ത വിധത്തിൽ ആയിരുന്നു. 20 മിനിറ്റ് കഴിഞ്ഞപ്പോൾ തീയും ഗന്ധകവും മാറി. നാട്ടുകാർ വീട്ടിൽ കയറിയപ്പോൾ, ഒരു കുടുംബത്തിലെ 6 പേർ കുഴഞ്ഞ് അവശരായിക്കിടക്കുന്നു. എല്ലാവരും ചേർന്ന് പെട്ടെന്ന് ഇവരെ വെള്ളറട ആശുപത്രിയിൽ പ്രവേശിപ്പിച്ച് പ്രഥമ ശുശ്രൂഷ ചെയ്തു കഴിഞ്ഞപ്പോൾ അത്ഭുതകരമായി രക്ഷപ്പെട്ടു. ഏകദേശം 2 മണിക്കൂർ നേരം ഈ 6 പേരുടെയും വായിൽ നിന്നും ചെവിയിൽ നിന്നും മൂക്കിൽ നിന്നും പുക വന്നുകൊണ്ടിരിന്നു. ചുണ്ടുകൾ കറുക്കയും ചെയ്തു. ദൈവം അത്ഭുതം പ്രവർത്തിച്ചതിൽ ഡോക്ടർമാരും നാട്ടുകാരും അത്ഭുതപ്പെട്ടു. നെയ്യാറ്റിൻകര കുടപ്പനമൂട് കരിമ്പ്, മണ്ണടി സീയോൻ പെന്തെക്കോസ്തു ദൈവവിശ്വാസിയായ ഷീബയുടെ ഭവനത്തിലാണ് ഈ സംഭവം നടന്നത്. സഹോദരി ഷീബയും മാതാപിതാക്കളും പത്തിലും എട്ടിലും ആറിലും പഠിക്കുന്ന കുട്ടികളുമാണ് ഇടിമിന്നലിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടത്. വീട്ടിലെ ഉപകരണങ്ങൾ മുഴുവനും കത്തി നശിച്ചു. വീട് മുഴുവനും ഇടിഞ്ഞു തകർന്നുപോയി. 5 സെന്റ് സ്ഥലത്ത് ഒരു ചെറിയ വീട്ടിലാണ് ഈ കുടുംബം താമസിക്കുന്നത്. കൂലിപ്പണി ചെയ്താണു ഷീബ കുടുംബത്തെ പോറ്റുന്നത്. എല്ലാം നഷ്ടപ്പെട്ടു. ഇനി എന്തു ചെയ്യുമെന്ന് ഈ കുടുംബം സങ്കടപ്പെടുന്നു. ദൈവമക്കൾ പ്രാർത്ഥിക്കണമേ.

## 01 എജി മലയാളം ഡിസ്ട്രിക്ട്.....

ണ് അറിയുന്നത്. രണ്ടുവർഷം മുമ്പ് നടന്ന തിരുവനന്തപുരം മേഖല കൺവൻഷന്റെ സംയുക്ത സഭായോഗത്തിൽവെച്ച് 'നിങ്ങൾ സ്വതന്ത്ര ഡിസ്ട്രിക്ട് ആകണമെന്നും അതിന് എല്ലാ പിന്തുണയും നൽകാമെന്നും' മലബാർ നേതാവ് പ്രസംഗിച്ചത് വിവാദമായിരുന്നു. ഇത് ചിലർക്ക് പ്രോത്സാഹനമായി മാറി. അന്നുമുതലാണ് സെപ്പറേറ്റ് അഡ്മിനിസ്ട്രേഷൻ വാദം ശക്തമാകുന്നത്. എന്നാൽ ഈ സ്വയഭരണ പ്രക്ഷോഭത്തെ മറികടക്കാനും സഭയെ ഒന്നിച്ചുനിർത്താനും നേതൃത്വത്തിനു കഴിഞ്ഞു.

എന്നാൽ ശതാബ്ദി ആഘോഷത്തിനുശേഷം വീണ്ടും സ്വതന്ത്ര ഡിസ്ട്രിക്ട് വാദം തലപ്പൊക്കിയിരിക്കുകയാണ്. സൂപ്രണ്ട് സ്ഥാനം ഉൾപ്പെടെയുള്ള കസേരകൾ സ്വപ്നം കാണുന്നവരാണ് ഈ വിഭാഗീയ നീക്കങ്ങൾക്കു പിന്നിൽ. മാത്രമല്ല അടുത്തിടെ നടക്കാൻ പോകുന്ന SIAG തെരഞ്ഞെടുപ്പിൽ നിലവിലെ സൂപ്രണ്ടിനെതിരെ ശക്തമായ മത്സരം ഉണ്ടാകാൻ സാധ്യതകയുള്ളതിനാൽ തെക്കൻ മേഖലയിലെ വോട്ട് സമാഹരിക്കുന്നതിനുവേണ്ടിയാണ് പുതിയ തന്ത്രം പയറ്റുന്നത്. വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കാൻ വേണ്ടി ഭാരതത്തിലെ ഏറ്റവും മികച്ച ഘടകമായ മലയാളം ഡിസ്ട്രിക്ടിനെ തുണ്ടംതുണ്ടമായി കഷണിക്കാൻ ശ്രമിക്കുന്നത് നെഗറ്റീവ് രാഷ്ട്രീയമാണ്.

ഒരു ജില്ലയ്ക്കുവേണ്ടി ഡിസ്ട്രിക്ട് രൂപീകരിക്കുന്നത് അശാസ്ത്രീയമാണ്. ഭാവിയിൽ ഹൈറേഞ്ച്, തീരദേശമേഖലകളെ ഡിസ്ട്രിക്ട് ആക്കണമെന്ന് ആരെങ്കിലും വാദിച്ചാൽ അനുവദിക്കേണ്ടി വരില്ലേ. കന്യാകുമാരി ഡിസ്ട്രിക്ടിനോട് ചേർന്നുപോകാനും തിരുവനന്തപുരംകാർ തയ്യാറല്ല. തിരുവനന്തപുരം മേഖലയിൽ നിന്ന് ശക്തന്മാരായ നേതാക്കന്മാർ നേതൃത്വത്തിലേക്ക് വന്നിട്ടുണ്ട്. കഴിവ് തെളിയിച്ചാൽ ഇനിയും താക്കോൽ സ്ഥാനങ്ങളിൽ ആർക്കും വരാവുന്നതാണ്. ഈ മേഖലയിലെ ശക്തനായ നേതാവായ യാഹ്ദത്ത് മണി റ്റി. ജെ. ഗ്രൂപ്പുകാരനാണ്. ഇദ്ദേഹം ഡിസ്ട്രിക്ട് രൂപീകരണത്തിന് അനുകൂലമല്ല. തിരുവനന്തപുരം ജില്ലയിൽ നാടാർ, ചേരമർ, ലാറ്റിൻ സമുദായങ്ങളുടെയിടയിൽ സ്വത്വസംഘർഷവും മൂപ്പിള തർക്കവും നിലനിൽക്കുന്നുണ്ട്.

1972-ൽ ചർച്ച് ഓഫ് ഗോഡിൽ നിന്നും വംശീയ അടിസ്ഥാനത്തിൽ വിഭജിച്ചുപോയ കേരളാ റീജിയൻ 43 വർഷം കഴിഞ്ഞിട്ടും ശോഷിച്ചുനിൽക്കുകയാണ്. 1947-ൽ രൂപീകരിച്ച ഡബ്ല്യൂ. എം. ഇ. 68 വർഷം കഴിഞ്ഞിട്ടും മുഖ്യധാരയിൽ എത്തിയിട്ടില്ല. ജാതിസ്വത്വത്തിന്റെ പേരിൽ സഭയും റീജിയനും ഡിസ്ട്രിക്ടും രൂപീകരിക്കുന്നത് ക്രൈസ്തവീകമല്ല. പ്രാദേശീക വാദവും വംശീയവാദവും ഊതിക്കത്തിച്ച് വിഘടന വാദത്തിന് തിരികൊളുത്തുന്നവർ സഭയെ ദുരന്തത്തിലേക്ക് തള്ളിവിടുകയാണ്. "ഈഴവർക്കും നാടാന്മാർക്കും ലാറ്റിൻ ക്രിസ്ത്യനും പ്രത്യേകം സഭകൾ വേണമെന്ന്" മുമ്പ് ഒരു പത്രത്തിൽ ലേഖനമെഴുതിയത് ഏറെ വിവാദമുണ്ടാക്കിയിരുന്നു. ചേരമരെല്ലാം പാക്കിലും സാംബവരെല്ലാം പാമ്പാടിയിലും ഈഴവരെല്ലാം വർക്കലയിലും ലാറ്റിൻ സമുദായം ചവറയിലും സംഘടിച്ച് രൂപത രൂപീകരിക്കാൻ തുടങ്ങിയാൽ അവസാനം ഇത് എവിടെ എത്തിനിൽക്കും?

വർഗ്ഗീയാതീതവും മതേതരവുമായ ഒരു ദർശനം എന്ന നിലയിൽ സുവിശേഷം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചുകഴിഞ്ഞപ്പോൾ ആ കൂടാരത്തിനകത്ത് ജാതിസത്തിന്റെ കുഴി ബോംബുകൾ കുഴിച്ചിട്ട ശേഷം കുടിൽ കെട്ടി കാത്തിരിക്കുന്നവർ സഭയെ നശിപ്പിക്കുകയാണ്. ഇന്നേവരെ സുവിശേഷരംഗം ശ്രദ്ധയോടെ കരുപിടിപ്പിച്ച മഹാദർശനത്തിന്റെ പളുങ്കുഗോപുരങ്ങളാണ് വർഗീയതയുടെ അക്ഷരപെരുമകൊണ്ട് എറിഞ്ഞുടയ്ക്കുന്നത്. ഓരോ ജാതിക്കും ഓരോ ഡിസ്ട്രിക്ട് എന്ന ഹീനമായ സംസ്കാരം ഇരുണ്ടയുഗത്തിലേക്കാണ് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ജാതിവികേന്ദ്രീകരണസിദ്ധാന്തം എന്ന വികല ചിന്താഗതികൾക്ക് അതീതമായിട്ടാണ് സുവിശേഷം നിലകൊള്ളുന്നത്. ഈ മേഖലയിൽ നിന്നും ഈ വിഷവൃക്ഷത്തിന്റെ വേരുകൾ ഉന്മൂലനം ചെയ്യേണ്ടതാണ്.

ക്രിസ്തുവിന്റെ രക്തത്താൽ ലഭ്യമായി തീർന്ന ഐക്യതയിൽ എല്ലാവരും തുല്യരാണ്. വിദ്വേഷത്തിന്റെ മതിൽ ക്രിസ്തു ഇടിച്ചുകളഞ്ഞു. എല്ലാ ജാതിയെയും ക്രിസ്തുവിൽ പുതുമനുഷ്യനാക്കി. സഭ ഒരു പുതിയ വർഗമാണ്. ജാതിവാദം വിഭജനത്തിന്റെ രേഖകൾ സൃഷ്ടിക്കും.ജർമ്മനിയിൽ ഹിറ്റ്ലർ മുന്നോട്ടുവച്ചതും കർണ്ണാടകയിൽ ശ്രീരാമസേന പ്രചരിപ്പിക്കുന്നതും മഹാരാഷ്ട്രയിൽ മണ്ണിൻമക്കൾ വാദം ഉയർത്തി ശിവസേന ആവശ്യപ്പെടുന്നതും ഈ വിഘടനവാദമാണ്. ഇത് പൈശാചികമാണ്; ഫാസിസമാണ്.

കല്ലുകടി

## ചെന്നായ വേഷം മാറിയെത്തുമ്പോൾ

കഴിഞ്ഞ ദിവസം ഒരു പെന്തക്കോസ്ത് പത്രത്തിന്റെ മുൻപേജിൽ പ്രാധാന്യത്തോടെ നൽകിയ ഒരു വാർത്ത ഇതായിരുന്നു. കോട്ടയത്തും പത്തനംതിട്ടയിലും പാസ്റ്റർമാരുടെ പ്രാർത്ഥന നടക്കുന്നു. മാറി വരുന്ന സാഹചര്യത്തിൽ സഭാവ്യത്യാസമില്ലാതെ നടത്തുന്ന പ്രാർത്ഥന. വാർത്ത വായിച്ചാൽ നിർദ്ദോഷം എന്നു തോന്നുന്ന ഇതിൽ നൽകിയ ഫോൺ നമ്പരിൽ ബന്ധപ്പെട്ടാൽ യാഥാർത്ഥ്യം പുറത്താകും ഹെവൻലീ ഫീസ്റ്റ് എന്ന ന്യൂജനറേഷൻ സഭയുടെ നമ്പറാണത്. പെന്തക്കോസ്ത് ഉപദേശത്തിനോട് യോജിക്കാത്തതും കടുത്ത ദുരുപദേശം പ്രചരിപ്പിക്കുന്നതുമാണ് ഈ പ്രസ്ഥാനക്കാർ ഇപ്പോൾ പെന്തക്കോസ്തുകാരോട് ചങ്ങാത്തം കൂടാൻ വന്നിരിക്കുന്നതിന്റെ ഉദ്ദേശം അറിയണമെങ്കിൽ തെഹൽക്കാ ഡെയ്‌ലിയിൽ വന്ന ന്യൂസു കൂടി വായിക്കണം. ആം ആദ്മി ലീഡറാകാനുള്ള തന്റെ ശ്രമത്തെ കുറിച്ചാണ് ആ വാർത്ത. ആ വാർത്തയും പാസ്റ്റർമാരുടെ പ്രാർത്ഥന സമ്മേളനവും കൂട്ടി വായിച്ചാൽ സംഗതി മനസിലാകും. പെന്തക്കോസ്തിലെ ചില കൂട്ടിക്കൊടുപ്പുകാർ കൂടി രംഗത്തെത്തുമ്പോൾ കാര്യം കുറച്ചു കൂടി വ്യക്തമാകും. പിസിഐ എന്ന പെന്തക്കോസ്തു സംഘടനയുടെ ലേബലിൽ നടന്ന മീറ്റിംഗിൽ തങ്കു-തോമസുകുട്ടി എന്നിവരെ പങ്കെടുപ്പിച്ചത് വിവാദമായിരുന്നു. പിസിഐയുടെ ലേബൽ ഉപയോഗിച്ച് ചുമതലക്കാരനായ കോട്ടയംകാരന്റെ കളികളാണ് ഇതിന് പിന്നിൽ. വരുവാൻ പോകുന്ന ഐപിസി ഇലക്ഷനിൽ എക്സിക്യൂട്ടീവ് പോസ്റ്റ് സ്വപ്നം കാണുന്ന ഈ കക്ഷിക്ക് പെന്തക്കോസ്തിനെ കുറിച്ചുള്ള അറിവ് ശുഷ്കമെന്ന് വെളിപ്പെട്ടിരിക്കുന്നു. കാശിനു വേണ്ടി ഒറ്റിക്കൊടുക്കാൻ പത്രക്കാരനും ബ്ലെയ്ഡ്കാരനും ഒന്നിച്ചിറങ്ങുമ്പോൾ നമ്മുക്കും പ്രാർത്ഥിക്കാം തമ്പിയുടെ ഹൃദയത്തിൽ നിന്ന് മയിലും പന്നിയും പാമ്പും കടുവയും തവളയുമൊക്കെ ചാടിപ്പോയിട്ട് ദൈവ സാന്നിധ്യം വന്നതുപോലെ ചിലരൊക്കെ യഥാർത്ഥമായി മാനസാന്തരപ്പെടാൻ. ബിലയാമിനെ പോലെ പെന്തക്കോസ്തിനെ തന്ത്രത്തിൽ ഒറ്റിക്കൊടുക്കുന്നവർ മറക്കാതിരിക്കുക. കാര്യം തീർക്കുന്ന നാൾ വരുന്നുണ്ട്.

**Article**

# Team Work of Evangelization

REJI KOSHY
DALLAS

## Continues....

Before I introduce the remaining messengers, let us review the strong communication chain we see here In 2 Samuel 17: 17 -22 Jonathan and Ahimaaz were staying at En Rogel. A female servant was to go and inform them, and they were to go and tell King David, for they could not risk being seen entering the city. But a young man saw them and told Absalom. So the two of them left at once and went to the house of a man in Bahurim. He had a well in his courtyard, and they climbed down into it. His wife took a covering and spread it out over the opening of the well and scattered grain over it. No one knew anything about it. When Absalom's men came to the woman at the house, they asked, "Where are Ahimaaz and Jonathan?"The woman answered them, "They crossed over the brook."[c] The men searched but found no one, so they returned to Jerusalem.After they had gone, the two climbed out of the well and went to inform King David. They said to him, "Set out and cross the river at once; Ahithophel has advised such and such against you." So David and all the people with him set out and crossed the Jordan. By daybreak, no one was left who had not crossed the Jordan.

In the above paragraph, we see a young man who saw Ahimaaz and Jonathan on their courier trip to David. Ephesians 6:12 says For our struggle is not against flesh and blood, but against the rulers, against the authorities, against the powers of this dark world and against the spiritual forces of evil in the heavenly realms. In this war field, we need to put on the full armor of God in our daily walk with God (Ephesians 6: 13 - 19 Therefore put on the full armor of God, so that when the day of evil comes, you may be able to stand your ground, and after you have done everything, to stand. Stand firm then, with the belt of truth buckled around your waist, with the breastplate of righteousness in place, and with your feet fitted with the readiness that comes from the gospel of peace. In addition to all this, take up the shield of faith, with which you can extinguish all the flaming arrows of the evil one. Take the helmet of salvation and the sword of the Spirit, which is the word of God. And pray in the Spirit on all occasions with all kinds of prayers and requests. With this in mind, be alert and always keep on praying for all the Lord's people.)

We see a clear communication chain, 2 Samuel 15: 27 - 28The king also said to Zadok the priest, "Do you understand? Go back to the city with my blessing. Take your son Ahimaaz with you, and also Abiathar's son Jonathan. You and Abiathar return with your two sons. I will wait at the fords in the wilderness until word comes from you to inform me."All communications start from the Palace' The Priests ' Priest's sons 'Female Servant 'David. If anyone in this communication does not perform her duty well, enemy will win. You and I are in this communication chain playing different roles, we are the priests who gets heavenly message from our God's palace and deliver it to the appropriate ones for delivering to the one who is running in this world of fear of death.

We see a lady in 2 Samuel 17:17 -21 Jonathan and Ahimaaz were staying at En Rogel. A female servant was to go and inform them, and they were to go and tell King David, for they could not risk being seen entering the city. But a young man saw them and told Absalom. So the two of them left at once and went to the house of a man in Bahurim. He had a well in his courtyard, and they climbed down into it. His wife took a covering and spread it out over the opening of the well and scattered grain over it. No one knew anything about it. When Absalom's men came to the woman at the house, they asked, "Where are Ahimaaz and Jonathan? "The woman answered them, "They crossed over the brook." The men searched but found no one, so they returned to Jerusalem.After they had gone, the two climbed out of the well and went to inform King David. They said to him, "Set out and cross the river at once; Ahithophel has advised such and such against you." So David and all the people with him set out and crossed the Jordan. By daybreak, no one was left who had not crossed the Jordan.

Here we see the wise act of a lady made the communication chain intact. Lady acted quickly based on what she saw. What this lady did here is very significant. Sometimes people think that being in a church choir team or preaching the word on the pulpit are important and they ignore cleaning after fellowship lunch/dinner. Don't misunderstand, if you are doing anything to please the King, that's all it matters. We are here to work as if we are in a war filed, no time to sit around and gossip. If you and I don't act based on God given wisdom, it will affect negatively the communication chain of evangelizing the world. (Continue....)




IPC Hebron Dallas

The Indian Pentecostal Church of God Hebron Dallas, is seeking a fulltime Pastor to begin ministering in August 2016.

SENIOR PASTOR NEEDED

Qualifications
• Bachelors degree in Theology
• At least 40 years of age and married
• Fluent in English and Malayalam
• U.S Permanent Resident preferred

Experience Requirements:
• At least 10 years of ministerial experience
• At least 5 years of pastoral experience in the U.S
• Ability to deliver sermons in both English and Malayalam

YOUTH PASTOR NEEDED

Qualifications
• High school graduation from the U.S
• Bachelors degree in Theology
• At least 25 years of age and married
• Fluent in English
• U.S Permanent Resident
• Should be a Malayalee

Interested candidates may apply before May 15, 2015

Send resume to: Abraham P. Abraham, Secretary, I.P.C Hebron Dallas, Inc.,P.O. Box 118561, Carrollton, TX 75011
OR
Email to: abrahampabraham1009@gmail.com
Tel: 972-492-0852 / 972-896-5423 (C)

## ഡോ.കോര സംസാരിക്കുന്നു



1. നെയ്യപ്പവും പെന്തെക്കോസ്തുകാരും തമ്മിലുള്ള ബന്ധമെന്താണു കോരേ? **– സാജൻ, പുനലൂർ**

*നെയ്യപ്പത്തിൽ നെയ്യുമില്ല, പെന്തെക്കോസ്തുകാരിൽ പെന്തെക്കോസ്തനുഭവവുമില്ല.*

2. തിരുവനന്തപുരത്തെ അവിയൽ ഉപവാസത്തിൽ പങ്കെടുക്കുന്ന പെന്തെക്കോസ്തുപ്രസംഗകർക്കെതിരെ പ്രതിഷേധം വ്യാപകമാകുന്നു എന്ന വാർത്തയെക്കുറിച്ചു കോരയുടെ അഭിപ്രായമെന്താണ്? **– എബി കുമ്പനാട്**

*ആശയത്തിനുവേണ്ടി പോരാടുവാൻ കെൽപ്പുള്ളവർ കുറഞ്ഞുപോയിരിക്കുന്നു. ഇക്കൂട്ടരുടെ പ്രകടനങ്ങൾ ആമാശയത്തിനുവേണ്ടി ആകുമ്പോൾ ഇതിനപ്പുറവും സംഭവിക്കും.*

3. കടുത്ത ദുരുപദേശകരിൽ ചിലർ ഇപ്രാവശ്യത്തെ ഒരു അമേരിക്കൻ മലയാളി കോൺഫറൻസിൽ പ്രസംഗിക്കുന്നു എന്ന വാർത്ത കോര അറിഞ്ഞില്ലേ? **– തോമസ്, ഫ്ളോറിഡ**

*യേശുവും ക്രിസ്തുവും രണ്ടാണെന്നു പഠിപ്പിക്കുന്ന പ്രസംഗകനും പാർട്ടികളെയും പങ്കെടുപ്പിക്കാനാണ് സംഘാടനകരുടെ ഭാവമെങ്കിൽ അത് വിനയായി മാറും എന്നറിയുന്നതു നന്ന്.*

# ഐ. പി. സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ സുവനീർ പ്രസിദ്ധീകരിക്കുന്നു

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ 15–ാം വാർഷികത്തോടനുബന്ധിച്ച് സുവനീർ പ്രസിദ്ധീകരിക്കുന്നു. റീജിയന്റെ 15 വർഷത്തെ ചരിത്രം റീജിയനുകളിലെ സഭകളുടെയും ശുശ്രൂഷകരുടെയും വിവരങ്ങൾ, സണ്ടേസ്കൂൾ സഹോദരിസമാജം പി. വൈ. പി. എ. പ്രവർത്തന റിപ്പോർട്ടുകളും ഭാരവാഹികളുടെ വിവരങ്ങളും ഒപ്പം ബിസിനസ്സ് പരസ്യങ്ങളും ആശംസകളും ഉൾപ്പെടുത്തിയാണ് സുവനീർ പ്രസിദ്ധീകരിക്കുന്നത്.

സുവനീറിലേക്ക് ആവശ്യമായ ലേഖനങ്ങൾ, കഥ, കവിത തുടങ്ങിയവ ക്ഷണിക്കുന്നു. രചനകൾ അയച്ചുതരുവാൻ താല്പര്യമുള്ള റീജിയനിലെ അംഗങ്ങൾ താഴെ പറയുന്ന വിലാസത്തിൽ ജൂൺ 15 നു മുമ്പ് അയച്ചുതരേണ്ടതാണ്. രചനകൾ ഒരു പേജിൽ കവിയാതെ എഴുതേണ്ടതാണ്. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ എഴുതാവുന്നതാണ്.

സുവനീറിൽ പരസ്യം നൽകുവാൻ താല്പര്യപ്പെടുന്നവരുടെ ശ്രദ്ധയ്ക്ക് പരസ്യ നിരക്കുകൾ താഴെ ചേർക്കുന്നു

**ബാക്ക് കവർ പേജ്: 500 ഡോളർ, അകത്തെ കവർപേജ്: 250 ഡോളർ**
**ഫുൾ പേജ്: 100 ഡോളർ, ഹാഫ് പേജ്: 75 ഡോളർ**

സെപ്റ്റംബറിൽ സെന്റർ ഫ്ളോറിഡയിൽ വെച്ച് നടക്കുന്ന റീജിയൻ കൺവൻഷനിൽ സുവനീർ പ്രകാശനം ചെയ്യും.

കൂടുതൽ വിവരങ്ങൾക്ക്

Pr. Moris Samson, 6792 Hartsworth DR, Lakeland, Florida, 33813
Email: msorbc@gmail.com, Phone 863 -514 - 9981






# ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസ് സമാപിച്ചു

**പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി ബോർഡ് ചെയർമാൻ)**

**ഗോൾഡ്കോസ്റ്റ്:** ഗോൾഡ്കോസ്റ്റിൽ വച്ചു നടന്ന അഞ്ചാമത് ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസ്, നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് ഉദ്ഘാടനം ചെയ്തു. “നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിയുക” (റോമർ: 12:2) എന്നതായിരുന്നു ഈ വർഷത്തെ തീം.

പാസ്റ്റർമാരായ സണ്ണി കുര്യൻ, ഹാബി തോമസ് എന്നിവരായിരുന്നു മുഖ്യപ്രഭാഷകർ. സ്വദേശത്തും വിദേശത്തുമുള്ള മറ്റ് കർത്തൃദാസന്മാരും ദൈവം വചനം ശുശ്രൂഷിച്ചു.

ദൈവിക സാന്നിദ്ധ്യം നിറഞ്ഞ നിന്ന ഗാനശുശ്രൂഷകൾക്ക് പാസ്റ്റർ ഡേവിഡ് ഏബ്രഹാം, സിസ്റ്റർ സാറാമ്മാ ഏബ്രഹാം എന്നിവർ നേതൃത്വം നൽകി. ആധുനിക കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്തെന്ന് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പാസ്റ്റർ സണ്ണി കുര്യൻ ക്ലാസ് എടുത്തു. സമാപന ദിവസം നടന്ന സഭായോഗത്തിന് കർത്തൃമേശ ഉണ്ടായിരുന്നു. അടുത്ത വാർഷീക കോൺഫറൻസ് 2016 മാർച്ച് 25,26,27 തീയതികളിൽ മെൽബണിൽ വച്ചു നടത്താൻ തീരുമാനിച്ചു.

# മേഖലാ പി. വൈ. പി. എ. ഭാരവാഹികളെ തെരഞ്ഞെടുത്തു

ഐ. പി. സി. കണ്ണൂർ മേഖല പി. വൈ. പി. എ. ഭാരവാഹികളെ 14.04.2015ന് കാസർഗോഡ് സെന്റർ ശുശ്രൂഷകന്ഡ പാസ്റ്റർ സന്തോഷ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽബോഡി മീറ്റിംഗിൽ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. പാസ്റ്റർ ജോൺസൺ കുര്യൻ (പ്രസിഡന്റ്), പാസ്റ്റർ സുനിൽ ടി (വൈസ് പ്രസിഡന്റ്), പാസ്റ്റർ സാജു വർക്കി (സെക്രട്ടറി), ബ്രദർ ബൈജുമോൻ (ജോ. സെക്രട്ടറി), പാസ്റ്റർ പോൾ രാജ് (ട്രഷറർ), പാസ്റ്റർ ശ്യാംരാജ് കെ. (പബ്ലിസിറ്റി), പാസ്റ്റർ ബിനു. ബി, പാസ്റ്റർ സുനിൽ ബാബു, ബ്രദർ സജിമോൻ (കമ്മറ്റി മെമ്പർമാർ).





PHILADELPHIA PENTECOSTAL CHURCH OF DALLAS (IPC)

2915 Broadway Blvd., Garland TX 75041

PASTOR NEEDED

Philadelphia Pentecostal Church of Dallas is seeking a fulltime Pastor with the following credentials:

**Qualifications:**

- At least 5 years of Pastoral experience in the U.S.
- Bachelor's Degree in Theology
- At least 35 years of age and be married
- Fluent in both English and Malayalam
- US Citizen or US Permanent Resident

For more information including the benefits, please visit ppcdchurch.org or contact any one of the following Pastor selection board members.

E-mail resume to: ppcdpastorselection@gmail.com

**Joe Mathews (214) 498-9055 or**
**Reji Koshy (214) 517-8037**

## വേദ പഠനം

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



പ്രാർത്ഥന എന്ന വിഷയം പറഞ്ഞുവരുമ്പോൾത്തന്നെ പൗലോസ് മറ്റൊരു വിഷയത്തിലേക്കു തിരിഞ്ഞു കയറുകയാണ്. അതായത് സകല മനുഷ്യരും രക്ഷപ്രാപിക്കാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1 യോഹ: 2: 2, 4:14), തീർച്ചയായും എല്ലാവരും രക്ഷിക്കപ്പെടുകയോ ദൈവഭാഗത്തേക്കു വരുകയോ ചെയ്യുകയില്ല, എങ്കിലും ദൈവം ആഗ്രഹിക്കുന്നത് യഹൂദനും ജാതിയനും കുബേരനും കുചേലനും വിദ്യാസമ്പന്നനും വിദ്യാവിഹീനനും മതഭക്തനും നിരീശ്വരവാദിയും സകലരും ദൈവത്തിലേക്ക് വരണം എന്നുള്ളതാണ് (യോഹ.6:37, 2പത്രോസ് 3:9, 1തിമോ.4:10ലും ഇതേ ആശയം വ്യക്തമാക്കുന്നുണ്ട്). ക്രൈസ്തവ പ്രാർത്ഥനയിൽ ഏകദൈവസത്യവും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായ ക്രിസ്തുവിനെയും, ക്രിസ്തു എല്ലാവർക്കുമായി മറുവിലയായി മാറി എന്നുള്ളത് യഹൂദ വിശ്വാസത്തിലെയും ക്രിസ്തീയ വിശ്വാസത്തിലെയും ഒരേ തത്വമാണ്. ഏകദൈവം എന്നത്, നോക്കുക, യിസ്രായേലേ, കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു, യഹോവ ഏകൻ തന്നേ... ആവ.6:4. ഈ ഏകദൈവമാണ് എല്ലാവരും രക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നത്. യഹൂദന്മാരുടെ കാഴ്ചപ്പാടിനു വ്യത്യസ്തമായിട്ടാണ് പൗലോസ് ഇവിടെ ഇങ്ങനെ പറയുന്നത്, മനുഷ്യർക്കും ദൈവത്തിനു ഇടയിലുള്ള മദ്ധ്യസ്ഥൻ ക്രിസ്തുവാണ്, ഈ ക്രിസ്തു പൂർണ്ണമനുഷ്യൻ - പൂർണ്ണദൈവം - ദൈവമനുഷ്യൻ - പുത്രനാം ദൈവം - ഏകജാതൻ മനുഷ്യരുടെ മദ്ധ്യസ്ഥനായി മാറി, കേവലം ഒരു ചെറിയ കൂട്ടത്തിന്റെ മദ്ധ്യസ്ഥനായിട്ടല്ല, രക്ഷിക്കപ്പെട്ട എല്ലാവരുടെയും ഒറ്റമദ്ധ്യസ്ഥനാണ് ക്രിസ്തു- യേശുക്രിസ്തു മദ്ധ്യസ്ഥൻ ആകുവാൻ യോഗ്യനായത് മനുഷ്യരുടെ പാപത്തിനു പരിഹാരമായി കാൽവറി ക്രൂശിൽ മരിച്ചത് കൂടാതെ ദൈവവും മനുഷ്യനുമായി നിരപ്പിക്കുവാൻ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിനു കഴിഞ്ഞു എന്നത് കൂടിയാണ്. ചില സഭകൾ കരുതുന്നതുപോലെ കന്യകമറിയമോ, പുണ്യാളന്മാരോ, ദൂതന്മാരോ അല്ലാ മദ്ധ്യസ്ഥൻ, യേശുക്രിസ്തു മാത്രമാണ്, കാരണം രക്ഷയ്ക്കു മുഖാന്തരവും കാരണവും അടിസ്ഥാനവും യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ കാൽവറി മരണത്തിലൂടെയാണ്. യേശുക്രിസ്തു മരിച്ചത് മനുഷ്യവർഗ്ഗത്തിനുവേണ്ടിയാണ്, മനുഷ്യരുടെ പാപത്തിനു മറുവിലയായിട്ടാണ് മരിച്ചത്. മറുവില എന്നാൽ മോചനദ്രവ്യമെന്ന് പറയാം. ഒരു അടിമയെ സ്വതന്ത്രമാക്കുവാൻ മോചനവില നൽകി മോചിപ്പിക്കുന്നതുപോലെ യേശുക്രിസ്തു മറുവില നൽകി മനുഷ്യനെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും വിടുവിച്ചു. യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തെ സംബന്ധിച്ചു പല വ്യാഖ്യാനങ്ങളും സിദ്ധാന്തങ്ങളും സഭയുടെ ആരംഭം മുതൽ കാണപ്പെടുന്നു. പ്രായശ്ചിത്തം എന്നു പറഞ്ഞാൽ, ഒരാൾക്കു പകരം മറ്റൊരാൾ മരിക്കുന്നു. പ്രായശ്ചിത്തം ദൈവഹിതമായിരുന്നു. ദൈവനീതിയുടെ പ്രദർശനമായിരുന്നു; ദൈവസ്നേഹവും ദൈവനീതിയും ഒത്തു ചേരുന്നതാണു മറുവില. സാത്താനു കൊടുക്കുന്നു എന്നു പഠിപ്പിക്കുന്നവരുണ്ട്. ഈ ചിന്തയുടെ സ്ഥാപകൻ പ്രസിദ്ധ സഭാപിതാവായ 'ഒറിഗൺ' ആണ്. ഇതെ അഭിപ്രായക്കാരനായിരുന്നു അഗസ്റ്റിനും. എന്നാൽ ഈ സിദ്ധാന്തം ശരിയല്ല. ക്രിസ്തു മറുവില കൊടുക്കുന്നതു ദൈവനീതിയുടെ മുമ്പിലാണ്. രണ്ടാമത്തെ സിദ്ധാന്തം സമാഹാരസിദ്ധാന്തം ഈ വ്യാഖ്യാനം വിഭാവനം ചെയ്തത് ഐറേനിയസ് എന്ന സഭാപിതാവാണ്. ആദാമിന്റെ എല്ലാ ജീവിത അനുഭവങ്ങളും പാപമനോഭാവങ്ങളും ക്രിസ്തു അനുഭവിക്കേണ്ടി വന്നു. ഒരു വ്യത്യാസം മാത്രം, ആദാം പരാജയപ്പെട്ടിടത്ത് ക്രിസ്തുവിജയിച്ചു എന്നുമാത്രം. മൂന്നാമതായി തൃപ്തി സിദ്ധാന്തം ഇതിനു മറ്റൊരു പേരുകൂടിയുണ്ട് അൻസെലംമിന്റെ വ്യാപാര സിദ്ധാന്തം എന്നും നവീകരണകർത്താക്കൾ ഇതിനോട് യോജിച്ചു നിന്നതിനാൽ ആണ് കൊമേഷ്യൽ തിയറി എന്നും കൂടി വിളിക്കാൻ കാരണം. പാപിയെ ശിക്ഷിക്കുന്നത് ദൈവത്തിനു തൃപ്തി വരുത്തുന്ന പ്രവർത്തി ആയതിനാൽ തന്റെ പുത്രനെ ദാനം തന്നുകൊണ്ട് ദൈവം തൃപ്തനാകുകയായിരുന്നു. തന്റെ മരണം കൊണ്ട് ദൈവത്തെ തൃപ്തിപ്പെടുത്തിയതിനാൽ ദൈവത്തിനു മഹത്വം ഉണ്ടാക്കുകയും ആ മഹത്വം ക്രിസ്തു പാപികൾക്കായി പകർന്നു കൊടുക്കയും ചെയ്തു. നാലാമതായി ധാർമ്മിക സ്വാധീനം എന്ന സിദ്ധാന്തം, അൻസെലമിന്റെ സിദ്ധാന്തം വേരുറച്ചു എന്നു തോന്നിയപ്പോഴാണ് അബിലാർഡ് എന്ന പണ്ഡിതൻ അതിനെ എതിർത്തുകൊണ്ട് മറ്റൊരു സിദ്ധാന്തം അവതരിപ്പിച്ചത്, വാസ്തവത്തിൽ ഇവരണ്ടും ഒരേ തത്വം ആണ്. ഈ പഠിപ്പിക്കൽ പറയുന്നത് ക്രിസ്തുവിന്റെ മരണം പാപത്തിന് പരിഹാരമാർഗ്ഗമായി കാണുന്നില്ല. ക്രിസ്തുവിന്റെ സഹനങ്ങളും മരണവും ദൈവസ്നേഹത്തിന്റെ പ്രദർശനം മാത്രമായിരുന്നു എന്നും പാപികളായ തന്റെ സൃഷ്ടികളുടെ കഷ്ടങ്ങളും വ്യഥകളും തന്റെ മേൽ വഹിക്കുക മാത്രമാണ് ചെയ്തത് എന്നും ഉപദേശിച്ചു. അത് ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനോ ശാന്തമാക്കുന്നതിനോ അല്ല, ദൈവസ്നേഹം പ്രദർശിപ്പിക്കുകയും മനുഷ്യമനുസ്സുകളെ അതിലേക്ക് ആകൃഷ്ടമാക്കി മാനാസാന്തരത്തിലെത്തിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. അഞ്ചാമതായി മാതൃകസിദ്ധാന്തം എന്നും വിളിക്കാറുണ്ട്. നവീകരണ കർത്താക്കളുടെ പഠിപ്പിക്കലിനെ പ്രതികരിച്ചു കൊണ്ട് സോസീനിയൻ വിഭാഗക്കാർ രൂപം കൊടുത്തതാണ് ഈ സിദ്ധാന്തം, അർത്ഥാൽ

04

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



## നിത്യതയിൽ

**പാമ്പാകുട:** ഐ.പി.സി പാമ്പാക്കുട സെന്ററിൽപ്പെട്ട കൈനി സഭയിലെ പെരുവാഴക്കാലായിൽ രാജു (60) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോർജ് തോമസ് സംസ്ക്കാര ശുശ്രൂഷ നിർവ്വഹിച്ചു.

## കുട്ടികളുടെ സെമിനാറും പഠനോപകരണ വിതരണവും

**എറണാകുളം:** എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സീയോൻ ഗോസ്പൽ മിനിസ്ട്രീസിന്റെ, ഈ വർഷത്തെ കുട്ടികളുടെ സെമിനാറും പഠനോപകരണ വിതരണവും മെയ് 6 ബുധനാഴ്ച പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് കാഞ്ഞിരപ്പുഴ ഗവ.യു.പി. സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. കുട്ടികളുടെ സെമിനാറിൽ ബ്രദർ കോളിൻസ് പ്രത്യേക പ്രോഗ്രാമുകൾ നടത്തി. വൈ. സഖര്യാ വർഗീസ് മുഖ്യസന്ദേശം നൽകി. പൊതുയോഗത്തിൽ പാസ്റ്റർ ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ. പഠനോപകരണ വിതരണോദ്ഘാടനം നിർവ്വഹിച്ചു. സീനാ ജോസഫ് (പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. ഹുസൈനാർ (പി.റ്റി.എ. പ്രസിഡന്റ്) എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ജെയിംസ് എബനേസർ, പാസ്റ്റർ ഫിന്നി പോൾ, പാസ്റ്റർ ബിബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. 208 കുട്ടികൾക്ക് നോട്ട് ബുക്ക്, പേന, വാട്ടർ ബോട്ടിൽ, കുട,ബാഗ് എന്നിവ വിതരണം ചെയ്തു.

## ആദരിക്കുന്നു

**തിരുവല്ല:** കുട്ടികളുടെയിടയിലെ പ്രവർത്തനത്തിൽ 25 വർഷത്തിൽ അധികം പൂർത്തീകരിച്ചവരെ ആദരിക്കുന്നു. എക്സൽ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ നടക്കുന്ന സമ്മേളനത്തിൽ വെച്ച്, സഭാ പ്രതിനിധികളും കുട്ടികളുടെയിടയിൽ പ്രവർത്തിക്കുന്നവരുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്നു. ശ്രീ. കെ.സി. ചെറിയാൻ (വി.ബി.എസ്സ്. മിനിസ്ട്രീസ്), പാസ്റ്റർ ജോൺ ഫിലിപ്പ് കാനം (ചൈൽഡ് വിഷൻ), പാസ്റ്റർ ഡി.ജോയി (ബെഥേൽ ബൈബിൾ കോളെജ് പുനലൂർ), ഏബ്രഹാം തോമസ് പുല്ലാട്, ബാബു തോമസ് അങ്കമാലി (ജിഫോർസി), കെ.വി മാത്യു റാന്നി, റ്റി. ബഞ്ചമിൻ (CEF) തുടങ്ങിയവരെയാണു പ്രത്യേകമായി ആദരിക്കുന്നത്.

## അർദ്ധവാർഷിക പരീക്ഷ മെയ് 31ന്

**തിരുവല്ല:** ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷൻ കുമ്പനാട് മേഖല അർദ്ധവാർഷിക പരീക്ഷ 2015 മെയ് 31 ഞായറാഴ്ച രാവിലെ 8.30 മുതൽ 9.30 വരെ പ്രാദേശിക സൺഡേസ്കൂളുകളിൽ ഒരുക്കുന്ന വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. ഓരോ ക്ലാസിലെയും പകുതി പാഠങ്ങളാണു പഠിക്കേണ്ടത്.

## ഭാരവാഹികൾ

**ഐ.** പി. സി. ആലുവ സെന്റർ, പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), പാസ്റ്റർ ഏബ്രഹാം പി. മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഫിന്നി പോൾ (സെക്രട്ടറി), ബ്രദർ പി. റ്റി. ജെയ്സൻ (ജോ. സെക്രട്ടറി), ബ്രദർ വിൽഫ്രഡ് എച്ച് (ട്രഷറർ), പാസ്റ്റർമാരായ എം. എ. ജോയ്, ജോസഫ് മാത്യു, കെ. സി. തോമസ്, എ. എസ്. തോമസ്കുട്ടി, ബ്രദർമാരായ കെ. ജോസഫ്, കെ. എ. റോയ്, തോമസ് തോട്ടത്തി (കമ്മറ്റി അംഗങ്ങൾ), ഇവാ. ഷിജു തോമസ് (സണ്ടേസ്കൂൾ പ്രതിനിധി), ഇവാ. പി. ബി. പ്രശാന്ത് (പി. വൈ. പി. എ.), ഇവാ. എം. ബിജോയ് (ഇവാഞ്ചലിസം ബോർഡ്).

## കവിത

സാബു ജോർജ്ജ് പന്തളം

### വേലയിലെ വേലകൾ

ദുരുപദേശത്തിന്റെ പേമാരി പെയ്യുന്നു...
അന്ധ വിശ്വാസത്തിന്റെ പൊടിക്കാറ്റടിക്കുന്നു...
ഊതിയാൽ വീഴാതിരിക്കുന്നവർക്കായി
ഊത്തുകാരുടെ വീഴ്ത്തലുകൾ
ഊത്തൊരു വരമാക്കീടുന്നവർ
സാധാരണക്കാരെ മയക്കിവീഴ്ത്തുന്നു.
മയക്കം കഴിഞ്ഞുണരുന്നവരോ
ഒരു മാറ്റവുമില്ലാതെ പഴമ തുടരുന്നു....
അഭിനയ ശുശ്രൂഷകൾ അരങ്ങു തകർക്കുന്നു...
ദൈവത്തെ നോക്കിച്ചിരിക്കുവാൻ പറയുമ്പോൾ
ചുറ്റിനും നോക്കിച്ചിരിക്കുന്നു ഭക്തന്മാർ
വീശലുകളുടെ തൂവാല വിദ്യ ഇറക്കി
പാവങ്ങളെ വീശി വലയിലാക്കുന്നു...
പാട്ടിലാക്കി വരുമാനപ്പാട്ടകൾ കൂട്ടുവാൻ
പുതിയ തരം പ്രാർത്ഥനാ എണ്ണകളുടെ പാട്ടകൾ...
ദൃശ്യ മാധ്യമങ്ങളിൽ പെരുമഴ ശുശ്രൂഷകൾ
പലതരം കുറുക്കു വേലകളുടെ കാഴ്ചകൾ
വീട്ടിനുള്ളിലെ തകിടു കുഴിച്ചെടുക്കുമ്പോൾ
തകിടം മറിഞ്ഞുപോകുന്ന ഭാവനങ്ങൾ
സമൃദ്ധിയുടെ വിശേഷ തന്ത്രങ്ങൾ മെനയുമ്പോൾ
സമൃദ്ധമായി കൊയ്യുന്നു ലാഭ വ്യാപാരം
അടുത്തു നിൽക്കുന്നവരെ ആശ്ലേഷിക്കുവാനുള്ള
അനുകരണ വിദ്യകൾ പുറത്തിറക്കുമ്പോൾ
അവിവേകമൊന്നും കാട്ടാതിരിക്കുവാൻ
അനുസരണമുള്ള സദസ്യർ ശ്രമിക്കണം
കോലാഹലത്തിന്റെ മാലപ്പടക്കങ്ങൾ
വേദികളിൽ ആരവമുയർത്തുമ്പോൾ
ജനങ്ങൾക്കെത്ര സുവിശേഷ വിവരം കൊടുക്കുന്നു?
വിശ്വാസിക്കെത്ര വചന വിരുന്നു ലഭിക്കുന്നു?
ആധുനിക ഉണർവ്വിന്റെ കുത്തൊഴുക്കിൽ
പ്രമാണങ്ങളെല്ലാം ഒലിച്ചുപോകുന്നു...
ഒരു കലാകായിക മാമാങ്കം പോലെ
ആത്മീയ ഗൗരവം അസ്തമിക്കുന്നു...
സത്യവചനം പ്രഘോഷിക്കുന്നവർക്ക്
സത്യമായിട്ടില്ല വേദികളിന്ന്,
പലതരം വേലകൾ വിതറുന്ന വിത്തുകൾ
വീണു കിളിർക്കുന്നത് എവിടെ എന്നറിയില്ല.

## സൺഡേസ്കൂൾ സമ്മർ ക്യാമ്പുകൾ സമാപിച്ചു



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റി ന്റെ ആഭിമുഖ്യത്തിൽ നടന്ന ഹൈറേഞ്ച്, നിലമ്പൂർ, ദക്ഷിണ മേഖലാ സമ്മർ ക്യാമ്പുകൾ സമാപിച്ചു.

കുട്ടിക്കാനം തേജസ് സെന്ററിൽ ഏപ്രിൽ 21,22 തീയതികളിൽ നടന്ന ഹൈ റേഞ്ച് മേഖലാ ക്യാമ്പ് എസ്. എസ്. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ സജു പി. തോമ സ് ഉദ്ഘാടനം ചെയ്തു. 'ക്രിസ് തുവിനായി രൂപാന്തരപ്പെടുക' എ ന്നതായിരുന്നു ചിന്താവിഷയം.

നിലമ്പൂർ പാലുണ്ട ന്യൂ ഹോ പ്പ് ബൈബിൾ കോളജിൽ ഏ പ്രിൽ 27, 28 തീയതികളിൽ നടന്ന മലബാർ മേഖലാ ക്യാമ്പ് എസ്. എസ്. സംസ്ഥാന സെക്രട്ടറി പ്ര ഫ. ബ്ലസൻ ജോർജ് ഉദ്ഘാടനം ചെയ്തു. നിലമ്പൂർ സോണൽ പ്ര സിഡന്റ് പാസ്റ്റർ പി. പി. പുന്നൂസ് അദ്ധ്യക്ഷത വഹിച്ചു. സോണൽ സെക്രട്ടറി ബ്രദർ തോമസ് വർഗീ സ് നേതൃത്വം നൽകി. സ്റ്റേറ്റ് കോഡിനേറ്റർ പാസ്റ്റർ സാലു വർഗീസ് നേതൃത്വം നൽ കി. സൺഡേസ്കൂൾ ദക്ഷിണമേഖലയുടെ നേതൃത്വത്തിൽ വട്ടപ്പാറ അനുഗ്രഹ ആഡിറ്റോറിയത്തിൽ നടന്നു. എസ്. എസ്. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ സജു പി. തോമസ് പ്രാർത്ഥിച്ചാരംഭിച്ച ക്യാമ്പിൽ പ്രഫ. എം. കെ. ശാമുവേൽ, ഡോ. സജി കെ. പി, പ്രഫ. ബ്ലസൻ ജോർജ്ജ്, പാസ്റ്റർ സാലു വർഗീസ്, ബ്രദർ ഏബ്ര ഹാം ഫിലിപ്പോസ് തുടങ്ങിയവർ ക്ലാസ്സെടുത്തു. സോണൽ പ്രസിഡന്റ് പാസ്റ്റർ കെ. എം. ഏബ്ര ഹാം അദ്ധ്യക്ഷത വഹിച്ച സമാപനസമ്മേളനത്തിൽ അസി. ഓവ ർസിയർ പാസ്റ്റർ പി. ജി. മാത്യൂസ്, സോണൽ സെക്രട്ടറി ബ്രദർ ബി. ജോസ്, സ്റ്റേറ്റ് എസ്. എസ്. ഭാരവാഹികൾ എന്നിവർ സംസാരിച്ചു. സോണൽ കോഡിനേറ്റർ ബ്രദർ രാജൻ കോലത്ത്, പാസ്റ്റർ ദിനകർ തുടങ്ങിയവർ നേതൃത്വം നൽകി.

## കൺവൻഷൻ

**കണ്ണൂർ:** മലബാർ ഗോസ്പൽ മിഷന്റെ ആഭിമുഖ്യത്തിൽ കൺവൻഷൻ മെയ് 16, 17 തീയതികളിൽ ഇരിട്ടി തന്തോട് ഗ്രൗണ്ടിൽവച്ച് നടന്നു. ഐ.പി.സി. ഇരിട്ടി സെന്റർ പാസ്റ്റർ റവ. കെ.ഐ. വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ (അങ്കമാലി), ജെയ്സ് പാണ്ടനാട്(ചെങ്ങന്നൂർ) എന്നിവർ പ്രസംഗിച്ചു. കെരിഗ്മാ ബ്ലസിംഗ് ടൂണേഴ്സ് പെരിന്തൽമണ്ണ ഗാനശുശ്രൂഷ നിർവ്വഹിച്ചു. ബിജു സ്റ്റീഫൻ, ജോസ് ജോസഫ്, ഷാജി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**മാവേലിക്കര:** അറുന്നൂറ്റിമംഗലം ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ കണ്ണാട്ടുമോടി തെങ്ങിനാലിൽ വിദ്യാധരന്റെ ഭവനാങ്കണത്തിൽവെച്ച് മെയ് 8, 9 തീയതികളിൽ കൺവൻഷൻ നടന്നു. പാസ്റ്റർമാരായ സിയാദ് ഇബ്രാഹിം(കോട്ടയം), ജെയ്സ് പാണ്ടനാട്, സിസ്റ്റർ ജോളി താഴാംപള്ളം എന്നിവർ പ്രസംഗിച്ചു. വേ ഓഫ് ഹോപ്പ് മാവേലിക്കര ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ കെ.എ.ജോസ് നേതൃത്വം നൽകി.

**മാർത്താണ്ഡം:** മാർത്താണ്ഡം ചെങ്കൽകുഴിവിള, കണ്ണാക്കോട് ഐ.പി.സിയുടെ ആഭിമുഖ്യത്തിൽ മെയ് 2,3 തീയതികളിൽ കൺവൻഷൻ നടന്നു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തി. ചർച്ച് ക്വയർ ഗാനങ്ങൾ ആലപിച്ചു. സെന്റർ മിനിസ്റ്റർ പാസ്റ്റർ എച്ച്. രുഫോസ് സ്നാന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ സി. ശെൽവൻ നേതൃത്വം നൽകി.

## ദുരുപദേശ ഖണ്ഡന സെമിനാർ

**ചെങ്ങന്നൂർ:** കൊഴുവല്ലൂർ ഐ.പി.സി. എബനേസർ ചർച്ചും റാപ്ച്ചർ ഗോസ്പൽ മിനിസ്ട്രീസും സംയുക്തമായി ഒരുക്കിയ ദുരുപദേശ ഖണ്ഡന സെമിനാർ മെയ് 11,12,13 തീയതികളിൽ കൊഴുവല്ലൂർ ചമ്മത്തുമുക്ക് ജംഗ്ഷനിൽ വച്ച് നടന്നു. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ്സെടുത്തു. പാസ്റ്റർമാരായ എം.കെ. സ്കറിയ, ജോബി കുമരകം, ഷിബു പി. ഡാനിയേൽ, അനീഷ് കൊഴുവല്ലൂർ എന്നിവർ നേതൃത്വം നൽകി.


ബഥേൽ & ഹോസ്മാറ്റ് മെഡിക്കൽ ഗ്രൂപ്പ്
റീജിണൽ ഓഫീസ് : റൂം നം. 14, 1–ാം നില, റവന്യൂ ടവർ, തിരുവല്ല, ഫോൺ: 858 999 7777

ISO അംഗീകാരമുള്ള ഇന്ത്യയിലെ ആറാമത്തെയും
കർണ്ണാടകയിലെ ഒന്നാമത്തെയും 450 കിടക്കകളുള്ള
സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ

ജനറൽ, ബി. എസ്. സി, പോസ്റ്റ് ബി. എസ്. സി & എം. എസ്. സി നെഴ്സിങ്
മെഡിക്കൽ ഇമേജിംഗ് ടെക്നോളജി (ബി. എം. ഐ. റ്റി)
ബി. എസ്. സി റീനൽ ഡയാലസിസ്
ബി. എസ്. സി ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി
ബി. എസ്. സി ലബോറട്ടറി ടെക്നോളജി
ബി. എസ്. സി പെർഫ്യൂഷൻ ടെക്നോളജി
ബി. എസ്. സി ഒപ്റ്റോമെട്രി
ബാച്ച്ലർ & മാസ്റ്റർ ഇൻ ഫിസിയോതെറാപ്പി
എം. ബി. എ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്നീ കോഴ്സുകൾ.

മികച്ച ആത്മിക അന്തരീക്ഷത്തിൽ, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ എല്ലാവിധ അംഗീകാരങ്ങളോടുകൂടിയും നടത്തിവരുന്നു.
(INC, KNC, KSDNEB, RGUHS etc.....)
ഏറ്റവും മികച്ച പഠന സൗകര്യങ്ങൾ, കേരളാ ഭക്ഷണം, സുരക്ഷിതമായ റാഗിങ്ങ് രഹിത ഹോസ്റ്റൽ. ഡൊണേഷനും ക്യാപിറ്റേഷനും ഇല്ല.

ധ്യാനം

# തേരിലും തെറ്റാത്ത വ്യാഖ്യാനം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com



പക്ഷവാതക്കാർ, മുടന്തർ, അശുദ്ധാത്മാക്കൾ ബാധിച്ചവർ തുടങ്ങി ഒട്ടനവധി ആളുകൾ യേശുവിന്റെ നാമത്തിൽ സൗഖ്യം പ്രാപിച്ചു കൊണ്ട് ശമര്യാ പട്ടണത്തിൽ ശക്തമായ ശുശ്രൂഷകൾ ചെയ്യുന്ന, കർത്താവിന്റെ ദൂതൻ; ഫിലിപ്പോസിനോടു നീ എഴുന്നേറ്റ്, യെരുശലേമിൽ നിന്നു തെക്കോട്ട് ഗസ്സയ്ക്കുള്ള നിർജ്ജനമായ വഴിയിലേക്കു പോകുക എന്നു പറഞ്ഞു. ദൈവാലോചനയ്ക്കു മുൻപിൽ തിരക്കിട്ട ശുശ്രൂഷകൾ അവസാനിപ്പിച്ച്, ദൈവമാവശ്യപ്പെട്ട സ്ഥലത്തെത്തിയപ്പോൾ തേരിലിരുന്നു യെശയ്യാപ്രവാചകന്റെ പുസ്തകവും വായിച്ചുകൊണ്ട് യാത്ര ചെയ്യുന്ന ഐത്യോപ്യാരാജ്ഞിയുടെ ഒരു ഷണ്ഡനും മഹാനും അവളുടെ സകലഭണ്ഡാരത്തിനും മേൽവിചാരകനുമായ ഒരു ഐത്യോപ്യനെ കണ്ടു. ആത്മാവിന്റെ നിർദ്ദേശപ്രകാരം തേരിനോടു ചേർന്നു നടന്നവൻ, ആ മഹാനായ മനുഷ്യന്റെ ആവശ്യപ്രകാരം തേരിൽ കയറി അദ്ദേഹത്തോടൊപ്പമിരിക്കുന്നു. കർത്താവിന്റെ ശുശ്രൂഷകനായ ഫിലിപ്പോസിന്, ഐത്യോപ്യാരാജ്ഞിയുടെ സകലഭണ്ഡാരത്തിനും മേൽവിചാരകനും മഹാനുമായ ഒരു മനുഷ്യനെ പരിചയപ്പെടാൻ ലഭിച്ച അസുലഭാവസരം!! അതും ആ മനുഷ്യനോടൊപ്പം തേരിലിരിക്കാൻ ലഭിച്ച ഉന്നതമായ ക്ഷണം!! ദൈവനാമത്തിനു വേണ്ടി നിന്നതിനാൽ ദൈവമൊരുക്കിയ നന്മയായി ഉന്നതനോടോത്തുള്ള തേർ യാത്രയെ മനസ്സാ പോലും വ്യാഖ്യാനിക്കാതെ, പൊരുളറിയാതെ പ്രവാചകപുസ്തകം പാരായണം ചെയ്യുന്ന പ്രമുഖനു മുന്നിൽ ശരിയായി വചനവ്യാഖ്യാനം ചെയ്യുന്നവനായി ഫിലിപ്പോസ് മാറുകയാണ്. താൻ വായിച്ചു കൊണ്ടിരിന്ന തിരുവെഴുത്താധാരമാക്കി, മഹാനായ ആ മനുഷ്യനോട് മഹോന്നതനായ യേശുവിന്റെ മഹത്തായ സുവിശേഷം അറിയിക്കുവാൻ തുടങ്ങി.!

ശമര്യയിൽ നടന്നു ദൈവ വേല ചെയ്തവനെ സകലഭണ്ഡാരത്തിനും മേൽവിചാരകനായ മനുഷ്യന്റെ തേരിൽ കയറിയപ്പോഴും, ദൈവവചന വ്യാഖ്യാനത്തിന്റെ ധാർമ്മികത സംരക്ഷിച്ചുകൊണ്ട്, പ്രവാചക പുസ്തകങ്ങളിൽ നിഴലിച്ചു നിൽക്കുന്ന യേശുവിനെയും അവിടുത്തെ സുവിശേഷത്തെയും, പൊരുളറിയാത്തവനു പരിചയപ്പെടുത്തുക മാത്രമായിരുന്നു ഫിലിപ്പോസ് എന്ന ദൈവഭൃത്യന്റെ ലക്ഷ്യം. ക്രിസ്താനുഗമനം മൂലം ലഭിക്കാനിടയുള്ള, താഴ്ചയിൽ നിന്ന് തേരിലേക്കുള്ള സമൃദ്ധിയുടെ വേദശാസ്ത്രമല്ലായിരുന്നു ഈ മനുഷ്യനു കൈമാറാനുണ്ടായിരുന്നത്. മറിച്ച്, ക്രിസ്തുവിലൂടെയുള്ള പാപക്ഷമയിലും രക്ഷയിലും തുടങ്ങി, സ്നാനത്തിലൂടെയുള്ള വചനസത്യങ്ങളുമായിരുന്നു ഫിലിപ്പോസിന്റെ വ്യാഖ്യാനവിഷയം. രാജ്ഞിയുടെ സകലഭണ്ഡാരത്തിനും മേൽവിചാരകനായ മനുഷ്യനോടൊപ്പം, വീണു കിട്ടിയ അവസരത്തെ സ്വകാര്യ സംഭാഷണത്തിനുള്ള വേദിയാക്കാനോ, ശ്രോതാവിന്റെ ഇഷ്ടത്തിനനുസരിച്ചു ദൈവവചനത്തെ വ്യാഖ്യാനിച്ചു കർണ്ണസുഖം വരുത്തി കാര്യം നേടാനോ, വിശ്വസ്തതയോടെ ആത്മാവിനെ അനുസരിച്ചു ദൈവവേല ചെയ്യുന്നവൻ ആഗ്രഹിച്ചില്ല എന്നത് അങ്ങേയറ്റം പ്രശംസാർഹമാണ്.

ശുശ്രൂഷയുടെ പ്രഥമദിനങ്ങളിലെ പരുപരുത്ത ജീവിതാനുഭവങ്ങളിൽ നിന്ന് ഉന്നതമായ നിലകളിലേക്കും തിരക്കുകളിലേക്കും നാം മാറുമ്പോഴും, ദൈവവചനവിഷയങ്ങളിൽ നയംമാറ്റം സംഭവിക്കരുത്. ധനവാനും ദരിദ്രനും ബലവാനും ബലഹീനരും മേലാളനും കീഴാളനും വേണ്ടി രണ്ടു വ്യാഖ്യാനങ്ങൾ നമ്മിൽ നിന്നൊമൊരിക്കലും ഉണ്ടാകാൻ പാടില്ല. എല്ലാവർക്കും ഒരേ സുവിശേഷവും ഒരേ ക്രിസ്തുവും ഒരേ ഉപദേശവും. തെരുവിലും തേരിലും പ്രസംഗിക്കപ്പെടേണ്ടതു ക്രിസ്തു മാത്രമാകട്ടെ!! തെരുവിലെ ആത്മഭാരവും സുവിശേഷീകരണദർശനവും തേരിലെ സുഖയാത്രയിൽ നഷ്ടപ്പെടരുത്. മേൽവിചാരകന്റെ മഹത്തായ ആത്മരക്ഷ എന്ന ലക്ഷ്യത്തിൽ നിന്നു മാറി, അവന്റെ അധീനതയിലുള്ള സകലഭണ്ഡാരത്തിലും നമ്മുടെ ദൃഷ്ടി പതിഞ്ഞാൽ, നാം വീഴാൻ തുടങ്ങിയിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. നയമാന്റെ രഥത്തിനു പിന്നാലെ പായുന്ന പ്രവാചക ശിഷ്യനായ ഗേഹസിയുടെ ലക്ഷ്യം, കളവു പറഞ്ഞു കനത്ത കൊള്ള നടത്തി രഥത്തിലുള്ളതൊക്കെ തനിക്കുള്ളതാക്കി മാറ്റുക എന്നതായിരുന്നു. ആത്മാവിന്റെ ഹിതാനുസരണം തേരിനോടു ചേർന്നു നടന്നിട്ടൊടുവിൽ, തേരിനുള്ളിൽ ഉന്നതനോടൊത്തിരിക്കാൻ അവസരമുണ്ടായിട്ടും, തെറ്റാത്ത ലക്ഷ്യത്തിനുടമയായിരുന്ന ഫിലിപ്പോസ് എന്ന ദൈവമനുഷ്യൻ!!

സ്ഥലകാലങ്ങൾക്കനുസരിച്ചു നമ്മിൽ സംഭവിക്കുന്ന ഉപദേശപരമായ ചാഞ്ചാട്ടങ്ങൾ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്നു നമ്മെ വഴിതെറ്റിച്ച് അപായപ്പെടുത്താനുള്ള ഉപായിയുടെ തന്ത്രങ്ങളാണെന്നു നാം തിരിച്ചറിയാതിരിക്കരുത്. ശുശ്രൂഷയിൽ പെട്ടന്നുണ്ടാകുന്ന പ്രസിദ്ധികളും ഉന്നതരോടൊപ്പം വേദി പങ്കിടാൻ ലഭിക്കുന്ന അവസരങ്ങളുമൊക്കെ ചിലപ്പോഴെങ്കിലും ഉപായി വച്ചു നീട്ടുന്ന പ്രലോഭനങ്ങളാകാനിടയുണ്ട്. തേരിലേക്കുള്ള ഉന്നതന്മാരുടെ ക്ഷണം, ശരിയായി വചനം വ്യാഖ്യാനിക്കാനും ക്രിസ്തുവിനെ ഉയർത്താനും മാത്രമുള്ളതാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. തേരിൽ കയറിയാൽപ്പിന്നെ ദൈവവചനം തങ്ങൾക്കിഷ്ടമുള്ളതു പോലെ പൊരുൾ തിരിക്കുന്ന നവ പ്രവണതകൾ - കേൾവിക്കാരനു സുഖം വരുത്തി, അവനെ അനുനയിപ്പിച്ച് അനവധിയായ അവന്റെ ഭണ്ഡാരത്തിൽ കണ്ണുവെച്ച് ഉന്നതമായ അവന്റെ രാജ്ഞീപരിചയത്തിന്റെ സ്വാധീനം മുകളിലേക്ക് കയറാനുള്ള ദൈവ വഴിയായിക്കാണുകയും, ഒ

04

കഥ

# രാത്രിയിലെ നക്ഷത്രങ്ങൾ....



ആഷേർ.കെ. മാത്യു,
റിയാദ്
asherkaleekal@gmail.com

വേനൽച്ചൂട് അതികഠിനമായിരിക്കുന്നു.

ഓരോ വർഷം കഴിയുമ്പോഴും ചൂട് കൂടി വരികയാണ്. വടക്കേ ഇന്ത്യയിലെ കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ തുടങ്ങിയിട്ട് ഇത് പതിനാലാം വർഷം.

മോനച്ചൻ പാസ്റ്റർ കയ്യിൽ ഒരു വിശറിയുമായി മുറ്റത്ത് ഒരു കസേരയിട്ട് അവിടെ ഇരുന്നു.

മനസ്സിൽ പതിവില്ലാത്ത ചിന്തകൾ...ആകുലതകൾ...

രാവിലെ നാട്ടിൽ നിന്നും സ്റ്റീഫൻ പാസ്റ്റർ ഫോൺ വിളിച്ചപ്പോൾ മുതൽ തുടങ്ങിയതാണ് ഈ ചിന്ത. നാട്ടിൽ സ്ഥലമാറ്റത്തിന്റെ സമയമായിരിക്കുന്നത്രേ. ഇത്തവണയെങ്കിലും കേരളത്തിലേക്ക് വന്നു കൂടെ എന്നാണ് സ്റ്റീഫൻ ചോദിക്കുന്നത്.

ആഗ്രഹമില്ലാഞ്ഞിട്ടല്ല, ശ്രമിച്ചിട്ടും നടക്കാത്തതാണെന്ന് എങ്ങനെ പറയും?

“എന്റെ ശുശ്രൂഷ ഇവിടെ വടക്കേ ഇന്ത്യയിലാ സ്റ്റീഫാ, പിന്നെ സമയമാകുമ്പോൾ നമുക്കു നോക്കാം....” അങ്ങനെ പറഞ്ഞാണ് മോനച്ചൻ പാസ്റ്റർ ഫോൺ വെച്ചത്.

ഫോണിലുള്ള സംസാരം കേട്ടുകൊണ്ടിരുന്ന ഭാര്യ ലിസ്സിയുടെ മുഖത്തേക്ക് നോക്കിയ മോനച്ചൻ പാസ്റ്ററുടെ മനസ്സൊന്നുലഞ്ഞു. മ്ലാനമായ ആ മുഖത്ത് മിന്നിമാഞ്ഞ ഭാവങ്ങൾ അദ്ദേഹത്തിന് മനസ്സിലായി. ലിസ്സിയോട് എന്തെങ്കിലും സംസാരിക്കാനുള്ള ധൈര്യം മോനച്ചൻ പാസ്റ്റർക്ക് ഉണ്ടായിരുന്നില്ല.

മോനച്ചൻ പാസ്റ്റർ വടക്കേ ഇന്ത്യയിൽ പല ഭാഗങ്ങളിലായി ശുശ്രൂഷ ചെയ്യുന്നത് ഇത് പതിനലാം വർഷമാണ്. ബൈബിൾ കോളജിൽ നിന്നും പഠിച്ചിറങ്ങിയപ്പോൾ തന്നെ സഭയുടെ ഉത്തരവാദിത്തപ്പെട്ടവർ തനിക്ക് ഒരുക്കിയത് വടക്കേ ഇന്ത്യയിലെ ഒരു സ്ഥലം.

മറ്റ് അവസരങ്ങൾ ഇല്ലാത്തതുകൊണ്ടും കർത്താവിന്റെ വേല ചെയ്യുവാനുള്ള ആവേശം കൊണ്ടും മറ്റൊന്നും ചിന്തിച്ചില്ല. നേരെ ട്രെയിൻ കയറി.

കൂടെ പഠിച്ച ചില സുഹൃത്തുക്കൾ കേരളത്തിലെ തന്നെ മെച്ചപ്പെട്ട സഭകളിൽ ശുശ്രൂഷകന്മാരായും സഹശുശ്രൂഷകന്മാരെയും കയറി.

‘വിശ്വാസത്താലുള്ള ജീവിതം’ എന്തെന്ന് മോനച്ചൻ പാസ്റ്റർ പഠിക്കുകയായിരുന്നു. വടക്കേ ഇന്ത്യയിൽ ദീർഘവർഷങ്ങൾ ശുശ്രൂഷ ചെയ്തവരുടെ ജീവചരിത്രങ്ങൾ താൻ വായിച്ചിരുന്നു. അതുകൊണ്ട് തന്നെ സാഹസികമായ ഒരു ജീവിതത്തിന് മനസ്സ് തയ്യാറായിരുന്നു.

വടക്കേ ഇന്ത്യയെപ്പറ്റി കേട്ടറിഞ്ഞ കാര്യങ്ങൾ കൺമുമ്പിലെത്തിയപ്പോഴാണ് അതിന്റെ തീവ്രത മനസ്സിലായത്. പൊരുത്തപ്പെടാനാകാത്ത ഭക്ഷണ രീതികൾ....തണുത്ത് വിറങ്ങലിച്ചും ചൂടത്ത് തളർന്നും പോകുന്ന കാലാവസ്ഥ.....ഭാഷ അറിയാതെയുള്ള നെട്ടോട്ടം സുവിശേഷവിരോധികളുടെ ഭീഷണി....അതിലെല്ലാം വലിയ പ്രശ്നമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ....



ജീവിതപങ്കാളിയായി ലിസ്സി കൂടെ വന്നതിനുശേഷം ശുശ്രൂഷക്ക് ഒരു പുത്തനുണർവ്വായിരുന്നു. ചെറുപ്പത്തിലേ തന്നെ സുവിശേഷവേലക്ക് സ്വയം സമർപ്പിച്ച ലിസ്സിയുടെ വായിൽ നിന്ന് പരിഭവങ്ങളോ പരാതിയോ താൻ കേട്ടിട്ടില്ല.

ഛത്തീസ്ഗഡിലെ കോർബ എന്ന സ്ഥലത്തെ ഒരു കൊച്ചുഗ്രാമം. അവിടെയാണ് ഇപ്പോൾ മോനച്ചൻ പാസ്റ്റർ ശുശ്രൂഷിക്കുന്നത്. കേരളത്തിലേക്ക് മടങ്ങിപ്പോകണം എന്ന ആഗ്രഹം തുടങ്ങിയിട്ട് രണ്ടു വർഷമായതേയുള്ളൂ. അതിന്റെ കാരണങ്ങൾ പലതാണ്.

അതിലെ പ്രധാന കാരണം ആരോഗ്യപ്രശ്നങ്ങളായിരുന്നു. ഛത്തീസ്ഗഡിൽ മുഴുവൻ കൽക്കരിപ്പാടങ്ങളാണ്. അന്തരീക്ഷം നിറയെ കറുത്ത പുകയും പൊടിയും നിറഞ്ഞ വായു. ചുമയും, ശ്വാസമുട്ടലും മൂലം രണ്ടു കുഞ്ഞുങ്ങൾക്കും വയ്യ. ലിസ്സിയുടെ കാര്യവും അങ്ങനെതന്നെ.

രണ്ടാമത്തെ കാരണം പ്രായമായ മാതാപിതാക്കൾ നാട്ടിൽ തനിയെയാണ്. സ്വയമായി കാര്യങ്ങൾ ചെയ്യാനുള്ള ആരോഗ്യം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കുറച്ചു നാൾ അവരുടെ കൂടെ താമസിക്കാനുള്ള ആഗ്രഹമുണ്ട്.

മൂന്നാമത്തെ കാരണം സാമ്പത്തികം തന്നെയാണ്. ഒരു രൂപാ പോലും സമ്പാദ്യമായില്ല. ഇപ്പോഴുള്ള സഭയിൽ ആകെയുള്ളത് പതിനഞ്ചിൽ താഴെ വിശ്വാസികൾ ...കിട്ടുന്ന തുച്ഛമായ തുക ചെലവിനു തന്നെ തികയുന്നില്ല.

കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യമാണ് വളരെ പരിതാപകരം. ഒരു നല്ല സ്കൂളിൽ അയച്ച് അവരെ പഠിപ്പിക്കണമെന്നതായിരുന്നു തന്റെ സ്വപ്നം. പല സ്കൂളുകളിൽ മാറിമാറി പഠിച്ചും, നിലവാരം കുറഞ്ഞ സ്കൂളുകളിൽ പഠിച്ചും അവർക്കു കാര്യമായി ഒന്നുമറിയില്ല എന്നതാണു സത്യം.

നാട്ടിൽ പോകാനുള്ള ആഗ്രഹത്തിനു കാരണം ഇതൊക്കെയായിരുന്നെങ്കിലും മനസ്സിനു കാര്യമായ പ്രയാസങ്ങൾ ഉണ്ടായിരുന്നില്ല.

ഇപ്പോഴത്തെ മനഃപ്രയാസത്തിന്റെ കാരണങ്ങൾ മറ്റു പലതാണ്. വർഷങ്ങൾക്ക് ശേഷം കഴിഞ്ഞ തവണ നാട്ടിൽ പോയിരുന്നു. കൺവെൻഷനുകളിൽ ഒക്കെ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാം എന്നതായിരുന്നു ഒരു പ്രധാന ഉദ്ദേശ്യം. കേരളത്തിലേക്കുള്ള സ്ഥലംമാറ്റത്തെപ്പറ്റി നേതൃത്വത്തോടു സംസാരിക്കുക എന്ന ഒരു ലക്ഷ്യവുമുണ്ടായിരുന്നു.

‘സ്വന്തമായി ഒരു ഭവനം തരണേ കർത്താവേ’ എന്നു പ്രാർത്ഥിച്ചു കണ്ണുതുറന്നപ്പോഴാണ് സഭാനേതാവിന്റെ അറിയിപ്പുകളും പ്രാർത്ഥനാവിഷയങ്ങളും കേട്ടത്.

കെട്ടിടം പണിയാൻ രണ്ടു കോടി രൂപാ കൂടി നമുക്കു വേണം.

നല്ലത് എന്ന് തോന്നിയെങ്കിലും സ്വന്തമായി ഭവനമില്ലാത്ത ദൈവദാസന്മാർക്കു ഭവനം പണിയുവാനുള്ള ദർശനം ഇവർക്കില്ലാതെ പോയല്ലോ ദൈവമേ എന്ന ചിന്തകൂടി മനസ്സിൽ വന്നു.

സ്ഥലംമാറ്റത്തിന്റെ കാര്യം സംസാരിക്കുവാൻ മറ്റൊരു സഭാനേതാവിന്റെ വീട്ടിൽ ചെന്നപ്പോഴാണു

04

# EDU CONSULT 4 U

## Your Perfect Partner in Higher Education

**കേരളത്തിലെയും മംഗലാപുരത്തെയും ബാംഗ്ലൂരിലെയും പ്രശസ്തമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിയെടുക്കുവാൻ ഞങ്ങൾ നിങ്ങളെ സഹായിക്കുന്നു.**

## COURSES OFFERED

MBBS, MD, MS, BDS, MDS, BPT, MPT, BMIT, B.Sc Renal Dayalais, B.Sc A & OT
B.Sc Medical Technology, B.Sc MLT, MHA, M.S.W (M.Sc Anatomy, Bio Chemistry, Physiology, Pharmacology & Micro Biology)
General, B.Sc , Post B.Sc & M.Sc Nursing
B.Sc Optometry, B.Sc Perfusion Technology
MBA Hospital Management
Computer Science & Engineering
Mechanical Engineering
Electronics & Communication Engineering
Civil Engineering
Electrical & Electronics Engineering

**Approved by MCI, DCI, INC, KNC, KSDNEB, RGUHS, AICTE & Kerala University**

### ഞങ്ങൾ ഇങ്ങനെ നിങ്ങളെ സഹായിക്കുന്നു !

1. ഏതു ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ ക്രമീകരിച്ച് നൽകും.
2. വിഭിന്ന മതക്കാരായ ഓരോ വിദ്യാർത്ഥികൾക്കും അവരവരുടെ അഭിരുചിക്കനുസരിച്ച് ആദ്ധ്യാത്മിക വളർച്ചക്ക് പ്രധാന്യം നൽകുന്നു.
3. എല്ലാ കോഴ്സുകൾക്കും ട്യൂഷൻ+ മെസ്സ് + ഹോസ്റ്റൽ എന്നിവയടക്കം ഫുൾഫീസ് പാക്കേജ് ക്രമീകരിക്കുന്നു.
4. ഓരോ വിദ്യാർത്ഥിയുടേയും പഠനകാലാവധി തീരും വരെ പ്രത്യേകം ശ്രദ്ധ നൽകുന്നു.
5. റാഗിംഗ് രഹിത കോളേജുകളിൽ മാത്രം അഡ്മിഷൻ നൽകുന്നു.
6. ഡൊണേഷനും കാപ്പിറ്റേഷനും വാങ്ങുന്നില്ല.
7. കേരളീയ ഭക്ഷണവും, വീട്ടിലേതു പോലെയുള്ള പഠനാന്തരീക്ഷവും ഉറപ്പാക്കുന്നു.
8. ക്യാമ്പസ് സെലക്ഷൻ വഴി 100 % ജോലി സാദ്ധ്യത ഉറപ്പാക്കുന്നു.
9. ഏതു വിദ്യാർത്ഥിയെക്കുറിച്ചും 24 മണിക്കൂറും വിവരങ്ങൾ അറിയാൻ

**Helpline No.**
**+ 91 95 39 46 56 76**

## Some of Our Colleges......

ZULEKHA NURSING COLLEGE MANGALORE,
YENEPOYA GROUP OF COLLEGES MANGALORE,
CITY EDUCATION TRUST HOSPITAL UDUPPI,
HITECH MEDICARE HOSPITAL UDUPPI,
HEERA COLLEGE OF ENGINEERING & TECHNOLOGY , TRIVANDRUM

## OUR ADDRESS

**PUBLIC RELATION OFFICER**
**EDU CONSULT 4 U**
**ROOM NO: 14, 1ST FLOOR**
**REVENUE TOWER, THIRUVALLA -689 101**
**MOB : +91 95 39 46 56 76, 95 39 09 09 29**

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 10

BELIEVERS JOURNAL

PUBLISHED ON 25/05/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

Annual Sub.
₹ 150

മാധ്യമവിചാരം

# പി. സി. ഐയോട് വീണ്ടും.....



അനിൽ കൊടിത്തോട്ടം

പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യാ എന്ന പി. സി. ഐ. അതിന്റെ പ്രതാപകാലത്ത് നേടിയെടുത്ത ശുദ്ധപ്രതിച്ഛായ കളഞ്ഞുകുളിക്കുകയാണ്. പെന്തെക്കോസ്ത് സമൂഹം സുവിശേഷ വിരോധികളാൽ ആക്രമിക്കപ്പെടുമ്പോഴും കല്ലറകളിൽ നമ്മുടെ പ്രീയപ്പെട്ടവരുടെ ഭൗതികശരീരം സംസ്കരിക്കാൻ ആകാതെ തൽപരകക്ഷികൾ പ്രയാസങ്ങൾ ഉണ്ടാക്കുമ്പോഴുമൊക്കെ നിയമപരമായ മാർഗ്ഗങ്ങളിലൂടെ അതിനെ ചെറുത്തുപോന്ന ഭൂതകാലമുള്ള ഒരു പ്രസ്ഥാനമായിരുന്നു അത്. മുംബൈ നഗരത്തെ സ്തംഭിപ്പിച്ചുകൊണ്ട് ദേശീയപ്രാധാന്യമുള്ള പ്രകടനം നടത്തി പി. സി. ഐ. പെന്തെക്കോസ്ത് സമൂഹത്തിന്റെ വികാരവിചാരങ്ങൾ അന്തർദേശീയ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതും വിസ്മരിക്കാവതല്ല.

അക്കാലത്ത് പി. സി. ഐ. ക്ക് ഭവിച്ച അബദ്ധങ്ങളുമുണ്ട്. അതിലൊന്ന് റോജർ ഹോസ്മ എന്ന സായ്പിനെ ഇറക്കി നടത്തിയ ശതാബ്ദി സമ്മേളനമാണ്. വലിയ കടബാധ്യതയിലാണ് ആ സമ്മേളനം പര്യവസാനിച്ചത്. അന്ന് അതിന്റെ ഔദ്യോഗിക സ്ഥാനത്തുള്ളവർ ബാധ്യതയുടെ ഭാരം വിഭജിച്ചെടുത്ത് ഉത്തരവാദിത്വപരമായി ഇടപ്പെട്ടതും ശ്ലാഘനീയമായ പ്രവർത്തിയായി കാണുന്നു. ശതാബ്ദി സമ്മേളനത്തിന് ഫണ്ട് ശേഖരിക്കാൻ ഇറങ്ങിത്തിരിച്ച പി. സി. ഐ. ഭാരവാഹികൾ തങ്കുബ്രദറിന്റെ സ്വർഗ്ഗീയവിരുന്ന് ശാലയിലും കയറി. അതു വേണ്ടാ എന്ന് വടക്കേക്കുറ്റ് സാറും മറ്റും ആകുന്നത് പറഞ്ഞുനോക്കിയിട്ടും ചിലർക്ക് അവിടെ കയറണമെന്ന പിടിവാശിമൂലമാണ് തങ്കുബ്രദറിനെ മുഖം കാണിക്കേണ്ടി വന്നത്. പി. സി. ഐ. ഭാരവാഹികളെ പരിചയപ്പെടുത്തുമ്പോൾ തങ്കു വടക്കേക്കുറ്റിനെ ഒരു പരിചയമില്ലാത്ത ആളെന്നപോലെ പറഞ്ഞു: "വൺ മിസ്റ്റർ തോമസ് ഓൾസോ എമങ് അസ്" വല്ലാതെ നാണം കെട്ടുപോയ ആ വടക്കേക്കുറ്റ് സാറിന്റെ പ്രസ്ഥാനമാണ് ഇന്ന് തങ്കു സ്തുതി മുഴക്കാൻ നാഗമ്പടത്ത് കാത്തുകെട്ടി കിടക്കുന്നത് എന്നത് കൗതുകപരമായി തോന്നാം. ബഹുമാന്യനായ തോമസ് വടക്കേക്കുറ്റ് അവറുകൾക്ക് ഇനി ചെയ്യാവുന്നത് പി. സി. ഐ.യുടെ അമരത്തുനിന്ന് മാറിനിൽക്കുക എന്നതാണ്.

തങ്കുവിനെയും പി. സി. ഐ. യെയും തമ്മിൽ ഇണക്കുന്ന കണ്ണി ഹല്ലേല്ലൂയ്യാ പത്രാധിപർ സാംകുട്ടി ചാക്കോയാണെന്ന് വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്ന് അറിയുന്നു. ചെങ്ങറ സമരകാലത്ത് പി. സി. ഐ.ക്കാർ അരി ശേഖരിച്ച് അഭയാർത്ഥികൾക്ക് നൽകിയതിൽ മനം നൊന്ത് സമനിലതെറ്റിപ്പോയി അന്ന് ഹല്ലേല്ലൂയ്യായ്ക്ക്. പി. സി. ഐ.യുടെ അരിവിതരണത്തിലും ഫണ്ട് ശേഖരണത്തിലും ക്രമക്കേടുണ്ടെന്ന് അന്ന് ഹല്ലേല്ലൂയ്യാ ആരോപിച്ചിരുന്നു. ഇന്ന് പി. സി. ഐ. യെ കൂട്ടുപിടിക്കാൻ സാംകുട്ടിക്ക് അദ്ദേഹത്തിന്റെ ഇടനില സ്വീകരിച്ച് തങ്കു ബ്രദറിന് അഭയം നൽകാൻ പി. സി. ഐ.യ്ക്കും ഭൂതകാലത്തിലെ ഇത്തരം പ്രശ്നങ്ങളൊന്നും കാരണമാകുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. ചില വർഷങ്ങളായി സാംകുട്ടി ശ്രമിച്ചുപോന്ന പരിപാടികളൊന്നും ആത്മീയരംഗത്ത് വിലപ്പോയിരുന്നില്ല. എന്നാൽ ഇപ്പോൾ ഒരളുവരെ അദ്ദേഹത്തിന് പി. സി. ഐ.യെ വളച്ചെടുക്കാൻ കഴിഞ്ഞിരിക്കുന്നു. അപ്പൊഴേക്കും പി. സി. ഐ. എന്നത് ജനപിന്തുണ നഷ്ടപ്പെട്ട ഒരു കടലാസു പുലിയായി മാറിപ്പോയി എന്നത് മറ്റൊരു യാഥാർത്ഥ്യം. ബാഹ്യകേരളത്തിലും കേരളത്തിലകത്തുമായി ഉണ്ടായിരുന്ന അവരുടെ യൂണിറ്റുകളെല്ലാം തന്നെ നിർജ്ജീവമായിക്കഴിഞ്ഞു. തങ്കുവിനോടുള്ള സഹകരണത്തോടെ അവശേഷിക്കുന്നവരും പുറത്തുപോകാൻ കാരണമാകും.

തങ്കുവിന് ഒരുപാട് സ്വകാര്യ മോഹങ്ങളുണ്ട്. അതിൽ പലതും ഈ മാമോൻ ദാസൻ കരഗതമാക്കി കഴിഞ്ഞു. കാണിക്കപിരിച്ചും കപട അത്ഭുതം കാട്ടിയും ഒരു സാമ്രാജ്യം വെട്ടിപ്പിടിച്ച ഇദ്ദേഹം ഇപ്പോഴിതാ പുതിയ പൂതിയുമായി രംഗത്തെത്തിയിരിക്കുന്നു. ആം ആദ്മി പാർട്ടിയുടെ നേതൃസ്ഥാനത്തെത്തി കേരളമുഖ്യമന്ത്രിയാകണം. സഹായത്തിന് രണ്ടുമൂന്ന് പ്രവചനങ്ങൾ നിലവിലുണ്ട്. എയ്ഞ്ചലിക്ക എന്ന വ്യാജ പ്രവാചകിയും സാമച്ചനും മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട് 2020 ഓടെ ഇന്ത്യ ക്രിസ്തീയ രാജ്യം ആകും!

തങ്കു കേരളം ഭരിക്കുമ്പോൾ സാംകുട്ടി ചാക്കോ ആകും ആഭ്യന്തരമന്ത്രി. കുമ്പനാട് ബംഗ്ലാവിനെതിരെ എല്ലാത്തരം അന്വേഷണങ്ങളും നടത്തി ആശാൻ അടിമുടി പൂർവ്വവിരോധ ശമന യജ്ഞം നടത്തും. തങ്കുവിന്റെ പിന്നിൽ ലക്ഷക്കണക്കിന് അണികൾ അഥവാ അടിമകൾ ഉണ്ടെന്ന് കേജരിവാളിനെ ബോധ്യപ്പെടുത്തണം. സ്വർഗ്ഗീയവിരുന്നിലെ പതിവ് പറ്റുപടിക്കാരുടെ കണക്ക് എല്ലാം ചേർത്തിട്ടും ലക്ഷം തികയില്ല. ഈ ഘട്ടത്തിൽ പെന്തെക്കോസ്തുകാർ കൂടി തന്റെ പോക്കറ്റിലാണെന്നും വരുത്തിതീർത്തെങ്കിലേ കേജരിവാൾ കനിയൂ എന്ന് തങ്കു കണക്കുകൂട്ടുന്നു.

വാസ്തവത്തിൽ മുഖ്യമന്ത്രിയെന്നല്ല ഒരു പഞ്ചായത്ത് മെമ്പർ പോലും ആകാൻ തങ്കുവിന് സാധിക്കില്ല. അഴിമതിക്കെതിരെയാണ് കേജരിവാളിന്റെ ആം ആദ്മിയുടെ നിലപാടെങ്കിൽ ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും കാപട്യക്കാരനായ ആത്മീയ അത്ഭുത വിദ്യക്കാരൻ അതിന്റെ നേതാവാകുന്നതോടെ സാറാ ജോസഫും കാരശ്ശേരിയുമൊക്കെ എവിടെ പോകുമോ ആവോ?

തങ്കുവിന്റെ വഴിയേ യാത്ര തിരിച്ച് സ്വന്തം വഴി കണ്ടെത്തിയ സജിത്തും ഇന്ന് കോടീശ്വരനായി കഴിഞ്ഞു. ടോട്ടൽ ഫോർ യു തട്ടിപ്പും ചുമ്മാ ഡോ. സ്റ്റാൻലി സൈമണിന്റെ എക്സോഡസ് തട്ടിപ്പുമൊക്കെ ആഘോഷിച്ച മലയാള മാധ്യമങ്ങൾക്ക് ഇപ്പോൾ സജിത്തും പ്രിയങ്കരനാകുന്നു. കേരള ശബ്ദത്തിന്റെ കവർപേജിൽ സജിത്തിന്റെ അത്ഭുതപരാക്രമവും ഓർമ്മപ്പെടുത്തുന്ന ചിത്രവും ഉജ്ജ്വലലേഖനവും കൊണ്ട് അതിന് തുടക്കം കുറിച്ചിരിക്കു

04

ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

ഏബനേസർ ഡിഗ്രി കോളജ്
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

എബനേസർ കോളജ്
& സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി
ഓഫ് ഹെൽത്ത് സയൻസ്
അഫിലിയേഷൻ, കെ. എൻ. സി. &
ഐ. എൻ. സി. അംഗീകാരം)

ബി. എസ്. സി. നേഴ്സിംഗ്
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
ജി. എൻ. എം.
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

Accomodation Available
വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അദ്ധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Institutions, No: 19,
Ebenezer Nagar
Kothanur P.O., Bengaluru - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178

Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.